06
2026
മാർച്ച്
വെള്ളി
കുംഭം 22

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 52 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-52 | പേജ് 4. വില 2.00 രൂപ

02 സംഘർഷം; നോർക്ക ഹെൽപ്പ് ഡെസ്കിൽ ലഭിച്ചത് 830 കോളുകൾ

03 മൂലധന നിക്ഷേപങ്ങൾക്കുള്ള കേന്ദ്ര സഹായ പദ്ധതി; കേരളത്തിന് 360 കോടി രൂപ അനുവദിച്ചു

04 സംഘർഷവുമായി ബന്ധപ്പെട്ട വാർത്തകൾ അവധാനതയോടെ കൊടുക്കണം: മുഖ്യമന്ത്രി

# ഇറാനിൽ മരണം 1230 കവിഞ്ഞു



ടെഹ്റാൻ : ഇറാനിലെ ഇസ്രയേൽ-യുഎസ് ആക്രമണങ്ങളിൽ മരണം 1230 ആയി. ടെഹ്റാനിലെ സ്പോർട്സ് സ്റ്റേഡിയം ഇന്നലെ പുലർച്ചെ ഇസ്രയേൽ ബോംബിട്ടു തകർത്തു. പൊലീസ് സ്റ്റേഷനുകളും സർക്കാർ കെട്ടിടങ്ങളും ഉന്നമിട്ട് വ്യാപക ആക്രമണമുണ്ടായി. തെക്കൻ ലബനനിലെ ഇസ്രയേൽ ആക്രമണങ്ങളിൽ ആകെ മരണം 77 ആയി. ലെബനനിലെ ആക്രമണങ്ങൾക്ക് മറുപടിയായി ഇസ്രയേലിലേക്ക് ഡ്രോൺ ആക്രമണം നടത്തിയതായി ഹിസ്ബുല്ല അവകാശപ്പെട്ടു.

സംഘർഷത്തിലേക്ക് കൂടുതൽ രാജ്യങ്ങൾ വലിച്ചിഴയ്ക്കപ്പെടുന്ന സാഹചര്യവുമുണ്ട്. അസർബൈജാൻ പ്രവിശ്യയായ നഖ്ചിവനിലെ വിമാനത്താവളത്തിൽ ഡ്രോൺ വീണു 2 പേർക്കു പരുക്കേറ്റു. തൊട്ടടുത്ത ഗ്രാമത്തിലെ സ്കൂൾമുറ്റത്തും ഡ്രോൺ പതിച്ചു. അതേസമയം, ഡ്രോൺ അയച്ചിട്ടില്ലെന്ന് ഇറാൻ പ്രതികരിച്ചു. തുർക്കി, അർമീനിയ, ഇറാൻ എന്നീ രാജ്യങ്ങൾക്കിടയിലായുള്ള നഖ്ചിവൻ അസർബൈജാനു കീഴിലുള്ള സ്വയംഭരണ പ്രദേശമാണ്. തുർക്കി വ്യോമപരിധിയിലേക്കെത്തിയ ഇറാൻ മിസൈൽ കഴിഞ്ഞദിവസം നാറ്റോ സേന വെടിവച്ചിട്ടിരുന്നു. തുർക്കിയെ ഉന്നമിട്ടില്ലെന്ന് ഇന്നലെ ഇറാൻ പ്രതികരിച്ചു.

ഇസ്രയേലിൽ ഡ്രോൺ ആക്രമണം നടത്തിയതായി ഇറാൻ. ടെൽ അവീവിലും വടക്കൻ ഇസ്രയേലിലെ മെറോൺ റഡാർ സൈനികതാവളത്തിലും ആക്രമണങ്ങൾ നടത്തിയെന്നാണ് ഇറാൻ വാദം. അതേസമയം ഇറാനെതിരെ വരും ആഴ്ചകളിലും ആക്രമണം കടുപ്പിക്കാനാണ് ഇസ്രയേലിന്റെ നീക്കം. സംഘർഷം ആരംഭിച്ചതു മുതൽ ഇതുവരെ ഇറാനിലെ വിവിധയിടങ്ങളിലായി ഇസ്രയേൽ വ്യോമസന 5000 ബോംബുകൾ വർഷിച്ചതായി ടൈംസ് ഓഫ് ഇസ്രയേൽ റിപ്പോർട്ട് ചെയ്യുന്നു. ശനിയാഴ്ച തുടങ്ങിയ യുദ്ധത്തിൽ150 ഓളം നഗരങ്ങൾ ആക്രമിക്കപ്പെട്ടതായും ഇറാൻ ആരോപിച്ചു. അതിനിടെ ഇറാൻ ഡ്രോണുകൾ അയച്ചതായും ഒരാൾക്ക് പരുക്കേറ്റതായും അസർബൈജാൻ ആരോപിച്ചു. ഇറാനിയൻ അംബാസഡറെ വിളിപ്പിക്കുകയും ശക്തമായ പ്രതിഷേധം അറിയിച്ചെന്നും അസർബൈജാൻ പറഞ്ഞു. ഡ്രോണുകളിലൊന്നു നഖ്ചിവാനിലെ ഒരു വിമാനത്താവളത്തിലും മറ്റൊന്നു ഒരു സ്കൂളിന് സമീപത്ത് പതിച്ചെന്നുമാണ് അസർബൈജാന്റെ ആരോപണം.

### മൗനം വെടിഞ്ഞ് കേന്ദ്രം; ഖമനയ്യുടെ വധത്തിൽ അനുശോചനം രേഖപ്പെടുത്തി

ന്യൂഡൽഹി: ഇറാൻ പരമോന്നത നേതാവ് ആയത്തുല്ല അലി ഖമനയിയുടെ വധത്തിൽ അനുശോചനം രേഖപ്പെടുത്തി കേന്ദ്രം. ഡൽഹിയിലെ ഇറാൻ എംബസിയിൽ വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി നേരിട്ടെത്തിയാണ് അനുശോചനം രേഖപ്പെടുത്തിയത്. ഖമനയിയുടെ വധത്തിൽ ഇതുവരെയും പ്രതികരിക്കാത്തതിൽ കേന്ദ്ര സർക്കാരിനെതിരെ പ്രതിപക്ഷം രൂക്ഷ വിമർശനം ഉയർത്തിയിരുന്നു. സർക്കാരിൻറെ മൗനം രാജ്യത്തിന് നാണക്കേടാണ് എന്നായിരുന്നു പ്രതിപക്ഷ വിമർശനം. ഇതിന് പിന്നാലെയാണ് ഔദ്യോഗികമായി അനുശോചനം രേഖപ്പെടുത്തിയത്.



# ഇന്ത്യ ലോകകപ്പ് ഫൈനലിൽ

### സഞ്ജു കളിയിലെ താരം
### ബെത്തലിന്റെ പോരാട്ടവീര്യത്തിന് കയ്യടി

മുംബൈ: ജേക്കബ് ബെത്തലെന്ന 22കാരന്റെയും ഇംഗ്ലണ്ട് ടീമിന്റെയും പോരാട്ട വീര്യത്തിന് കൈയടി. ഇംഗ്ലണ്ട് ഉയർത്തിയ കടുത്ത പോരാട്ടം മറികടന്ന് ഇന്ത്യ ടി20 ലോകകപ്പ് ഫൈനലിൽ. ഞായറാഴ്ച നടക്കുന്ന ഫൈനലിൽ ന്യൂസീലൻഡാണ് ഇന്ത്യയുടെ എതിരാളികൾ. സഞ്ജു സാംസൺ കളിയിലെ താരമായി.

ഇന്ത്യ ഉയർത്തിയ 254 റൺസെന്ന കൂറ്റൻ വിജയലക്ഷ്യത്തിലേക്ക് ബാറ്റെടുത്ത ഇംഗ്ലണ്ടിന് ഏഴു വിക്കറ്റ് നഷ്ടത്തിൽ 246 റൺസെടുക്കാനേ സാധിച്ചുള്ളൂ. ഏഴു റൺസ് ജയത്തോടെ ഇന്ത്യയ്ക്ക് ഫൈനലിനുള്ള ടിക്കറ്റ്.

ഒരു ഘട്ടത്തിൽ 7.3 ഓവറിൽ നാലിന് 95 റൺസെന്ന നിലയിലായിരുന്ന ഇംഗ്ലണ്ടിനെ പിന്നീട് ബെത്തൽ ഒറ്റയ്ക്ക് ചുമലിലേറ്റുന്നതാണ് കണ്ടത്. 48 പന്തിൽ നിന്ന് ഏഴു സിക്സും എട്ട് ഫോറുമടക്കം 105 റൺസെടുത്ത ബെത്തൽ അവസാന ഓവറിലാണ് പുറത്തായത്. ജസ്പ്രീത് ബുംറയുടെ അവസാനത്തെ രണ്ട് ഓവറുകളാണ് ഇന്ത്യൻ വിജയത്തിൽ നിർണായകമായത്. 16ാം ഓവറിൽ വെറും എട്ടു റൺസും 18ാം ഓവറിൽ വെറും ആറു റൺസും മാത്രം വഴങ്ങിയ ബുംറ അക്ഷരാർഥത്തിൽ ഇന്ത്യയെ രക്ഷിക്കുകയായിരുന്നു. 19ാം ഓവർ എറിഞ്ഞ ഹാർദിക് വെറും ഒമ്പത് റൺസ് മാത്രം വഴങ്ങി സാം കറനെ പുറത്താക്കിയതും നിർണായകമായി.

കൂറ്റൻ വിജയലക്ഷ്യത്തിലേക്ക് ബാറ്റെടുത്ത ഇംഗ്ലണ്ടിന് രണ്ടാം ഓവറിൽ തന്നെ ഓപ്പണർ ഫിൽ സാൾട്ടിനെ (5) നഷ്ടമായിരുന്നു. ഇതിനിടെ ജോസ് ബട്ട്ലർക്ക് മികച്ച തുടക്കം ലഭിക്കുകയും ചെയ്തു. എന്നാൽ പിന്നാലെ ക്യാപ്റ്റൻ ഹാരി ബ്രൂക്കിനെ (7) വീഴ്ത്തി ജസ്പ്രീത് ബുംറ ഇന്ത്യയ്ക്ക് ബ്രേക്ക് ത്രൂ സമ്മാനിച്ചു. ബുംറയുടെ പന്തിൽ അക്ഷർ പട്ടേൽ മീറ്ററുകളോളം പിന്നിലേക്ക് ഓടിയെടുത്ത മികച്ചൊരു ക്യാച്ചിലാണ് ബ്രൂക്ക് പുറത്തായത്. വൈകാതെ 17 പന്തിൽ നിന്ന് 25 റൺസെടുത്ത ജോസ് ബട്ട്ലറെ വരുൺ ചക്രവർത്തിയും പുറത്താക്കി. ഇതോടെ പവർപ്ലേ പിന്നിടുമ്പോൾ ഇംഗ്ലണ്ട് മൂന്നിന് 68 റൺസെന്ന നിലയിൽ.

എന്നാൽ നാലാമനായി ബെത്തൽ എത്തിയതോടെ കളിമാറി. വരുൺ ചക്രവർത്തിയേയും അക്ഷർ പട്ടേലിനെയും കടന്നാക്രമിച്ച ബെത്തൽ വെറും 19 പന്തിൽ നിന്ന് 50 തികച്ചു. ഇതിനിടെ അഞ്ചു പന്തിൽ നിന്ന് 17 റൺസെടുത്ത ടോം ബാന്റണെ അക്ഷർ പട്ടേൽ പുറത്താക്കി.

അവസാന ഓവറിൽ ജയിക്കാൻ 30 റൺസായിരുന്നു ഇംഗ്ലണ്ടിന് വേണ്ടിയിരുന്നത്. ആദ്യ പന്തിൽ തന്നെ ബെത്തൽ റണ്ണൗട്ടായതോടെ മത്സരം പൂർണമായും ഇന്ത്യയ്ക്ക് അനുകൂലമായി. 22 റൺസാണ് അവസാന ഓവറിൽ ദുബെ വഴങ്ങിയത്.

# നീല സമ്പദ്‌വ്യവസ്ഥ വളർച്ചയ്ക്ക് കടൽപ്പായൽ മേഖലയെ പൂർണമായി പ്രയോജനപ്പെടുത്തണം: മന്ത്രി

### കടൽപായൽ 2026 അന്താരാഷ്ട്ര സിമ്പോസിയം കുഫോസിൽ ആരംഭിച്ചു



കൊച്ചി : കടൽപ്പായൽ 2026 : മൂല്യ ശൃംഖലകൾ, കാലാവസ്ഥാ പരിഹാരങ്ങൾ, നീല സമ്പദ്‌വ്യവസ്ഥ പാതകൾ എന്നിവയെക്കുറിച്ചുള്ള മൂന്ന് ദിവസത്തെ അന്താരാഷ്ട്ര സിമ്പോസിയം ഇന്ന് പനങ്ങാട് കേരള ഫിഷറീസ് ആൻഡ് സമുദ്ര പഠന സർവകലാശാലയിൽ (കുഫോസ്) ആരംഭിച്ചു. കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീരവികസന സഹമന്ത്രി ശ്രീ ജോർജ്ജ് കുര്യൻ സിമ്പോസിയം ഉദ്ഘാടനം ചെയ്തു.

തന്റെ ഉദ്ഘാടന പ്രസംഗത്തിൽ, നീല സമ്പദ്‌വ്യവസ്ഥയുടെ അവസരങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് ഇന്ത്യ കടൽപ്പായൽ മേഖലയിൽ ഗവേഷകരും ബിസിനസ് രംഗവും ശ്രദ്ധ ചെലുത്തണമെന്ന് മന്ത്രി ആവശ്യപ്പെട്ടു. കടൽപ്പായൽ ഒരു 'സൂര്യോദയ മേഖല' എന്ന് വിശേഷിപ്പിച്ച അദ്ദേഹം, ആഗോള കടൽപ്പായൽ ഉത്പാദനം 35 ദശലക്ഷം ടൺ കവിഞ്ഞിട്ടും, ഇന്ത്യയുടെ സംഭാവന ഒരു ശതമാനത്തിൽ താഴെയാണെന്നും, വളർച്ചയ്ക്കുള്ള ഉപയോഗിക്കാത്ത വിശാലമായ സാധ്യതകളെ എടുത്തുകാണിക്കുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യയിലെ കടൽപ്പായൽ മേഖല പ്രതിവർഷം ഏകദേശം 9 ശതമാനം വളർച്ച കൈവരിക്കുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടിയ അദ്ദേഹം, കൃഷി, മൂല്യവർദ്ധനവ്, വ്യവസായ പങ്കാളിത്തം എന്നിവയുടെ വികാസത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞു. ആഗോള കടൽപ്പായൽ ഉൽപാദനത്തിന്റെ ഏകദേശം 97 ശതമാനവും ഏഷ്യയിലാണെന്നും, വളർന്നുവരുന്ന ഈ സമുദ്ര ജൈവവിഭവ മേഖലയിൽ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത അടിവരയിട്ടുവെന്നും അദ്ദേഹം എടുത്തുപറഞ്ഞു.

ഇന്ത്യയുടെ കടൽപ്പായൽ ഉൽപാദനം 2015ൽ 18000 ടണ്ണിൽ നിന്ന് 2024ൽ 75,000 ടണ്ണായി വർദ്ധിച്ചുവെന്നും ഇത് മേഖലയിലെ വളർച്ചയുടെ വേഗതയെ പ്രതിഫലിപ്പിക്കുന്നുവെന്നും ശ്രീ ജോർജ്ജ് കുര്യൻ കൂട്ടിച്ചേർത്തു. കടൽപ്പായൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിൽ പ്രധാനമന്ത്രി മത്സ്യ സമ്പത്ത് യോജന (പിഎംഎംഎസ്‌വൈ) യുടെ പങ്ക് അദ്ദേഹം എടുത്തുപറഞ്ഞു, തമിഴ്നാട്ടിലെ രാമനാഥപുരം, പുതുക്കോട്ടൈ ജില്ലകളിലെ വിജയകരമായ സ്ത്രീകൾ നയിക്കുന്ന കൃഷി സംരംഭങ്ങളെ സമഗ്രമായ തീരദേശ വികസനത്തിനുള്ള മാതൃകകളായി അദ്ദേഹം ഉദ്ധരിച്ചു. അന്താരാഷ്ട്ര സിമ്പോസിയം വിളിച്ചുകൂട്ടിയതിന് കുഫോസിനെ അഭിനന്ദിച്ച മന്ത്രി, കടൽപ്പായൽ മേഖലയുടെ ഭാവിയെക്കുറിച്ചും ഇന്ത്യയുടെ നീല സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിൽ അതിന്റെ പങ്കിനെക്കുറിച്ചും ആലോചിക്കാൻ ശാസ്ത്രജ്ഞർ, നയരൂപീകരണക്കാർ, വ്യവസായ നേതാക്കൾ, സംരംഭകർ, തീരദേശ പങ്കാളികൾ എന്നിവരെ ഒരുമിച്ച് കൊണ്ടുവരുന്നതിൽ സർവകലാശാലയുടെ നേതൃത്വത്തെ അഭിനന്ദിച്ചു.

ഉദ്ഘാടന സെഷനിൽ കുഫോസിന്റെ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) എ. ബിജു കുമാർ അധ്യക്ഷത വഹിച്ചു. ഇന്ത്യയുടെ വിക്ഷിത് ഭാരത് എന്ന ദർശനവുമായി പൊരുത്തപ്പെടുന്ന തരത്തിൽ, 2047 വരെ നീളുന്ന കടൽപ്പായൽ മേഖലയ്ക്കുള്ള ഒരു ദേശീയ രൂപരേഖ തയ്യാറാക്കുന്നതിന് സിമ്പോസിയം സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ദേശീയ, അന്തർദേശീയ പങ്കാളികളുമായി സഹകരിച്ച് കുഫോസ് കടൽപ്പായൽ വിഭവങ്ങളിൽ ഗവേഷണം, നവീകരണം, സംരംഭകത്വം, സുസ്ഥിര മൂല്യ ശൃംഖലകൾ എന്നിവ പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. ഇന്ത്യയിലെ കടൽപ്പായൽ മേഖലയിൽ ശാസ്ത്രത്തിനും സമൂഹത്തിനും ഇടയിലുള്ള വിടവ് നികത്താൻ K-U-F-O-Sന് കഴിയുമെന്ന് നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ (N-F-D-B) ചീഫ് എക്സിക്യൂട്ടീവ് ഡോ. ബിജയ് കുമാർ ബെഹേര പറഞ്ഞു.

### വീണയെ വധിക്കാൻ ശ്രമിച്ചെന്ന കേസ്: കെഎസ്‌യു നേതാക്കളെ രണ്ട് ദിവസത്തേക്ക് കസ്റ്റഡിയിൽ വിട്ടു

തിരുവനന്തപുരം: ആരോഗ്യമന്ത്രി വീണാ ജോർജിനെ വധിക്കാൻ ശ്രമിച്ചെന്ന കേസിൽ പ്രതികളായ കെഎസ്‌യു നേതാക്കളെ രണ്ടു ദിവസത്തേക്ക് കസ്റ്റഡിയിൽ വിട്ടു. കെഎസ്‌യു കണ്ണൂർ ജില്ലാ പ്രസിഡൻറ് എം. സി. അതുൽ ഉൾപ്പെടെ അഞ്ചു പേരെയാണ് പോലീസ് കസ്റ്റഡിയിൽ വിട്ടത്.

കഴിഞ്ഞ ദിവസം കണ്ണൂർ ജുഡീഷൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി കെഎസ്‌യു പ്രവർത്തകരുടെ ജാമ്യാപേക്ഷ തള്ളിയിരുന്നു. കരിങ്കൊടി പ്രതിഷേധം മാത്രമെന്നും വധശ്രമം നിലനിൽക്കില്ലെന്നുമായിരുന്നു പ്രതിഭാഗത്തിൻറെ വാദം.

എന്നാൽ പ്രതികളെ കസ്റ്റഡിയിലാവശ്യപ്പെട്ട പ്രോസിക്യൂഷൻ, കൂടുതൽ സിസിടിവി ദൃശ്യങ്ങൾ പരിശോധിക്കേണ്ടതുണ്ടെന്നും കൂടുതൽ പേർ കൃത്യത്തിൽ പങ്കെടുത്തിട്ടുണ്ടെന്നും കോടതിയിൽ വാദിക്കുകയായിരുന്നു.

കണ്ണൂർ റെയിൽവേ സ്റ്റേഷനിൽവച്ച് മന്ത്രിക്ക് നേരെ കരിങ്കൊടി പ്രതിഷേധം നടത്തുന്നതിനിടെയാണ് അതിക്രമമുണ്ടായത്. മന്ത്രിയെ വധിക്കാൻ ശ്രമിച്ചെന്നാരോപിച്ച് കെഎസ്‌യു ജില്ലാ പ്രസിഡൻറ് ഉൾപ്പെടെ അഞ്ച് പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്യുകയായിരുന്നു. പ്രതിഷേധത്തിനിടെ മന്ത്രിയുടെ കഴുത്തിനും കൈയ്ക്കും പരിക്കേറ്റതായി പോലീസ് റിപ്പോർട്ടിൽ പറയുന്നു.



# കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ അന്താരാഷ്ട്ര ഹബ്ബാക്കി മാറ്റാൻ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണം: മന്ത്രി ഡോ. ആർ. ബിന്ദു

## പി. എം. ഉഷ പദ്ധതിയുടെ നിർമ്മാണോദ്ഘാടനവും നിർമ്മാണം പൂർത്തീകരിച്ച കിഫ്ബി പദ്ധതികളായ ആർ & ഡി കെട്ടിടസമുച്ചയം, ആംഫി തീയറ്റർ, ഓപ്പൺ ക്ലാസ്റൂം ഉൾപെടെയുള്ള പദ്ധതികളുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു



പി. എം. ഉഷ പദ്ധതിയുടെ നിർമ്മാണോദ്ഘാടനവും നിർമ്മാണം പൂർത്തീകരിച്ച കിഫ്ബി പദ്ധതികളായ ആർ & ഡി കെട്ടിടസമുച്ചയം, ആംഫി തീയറ്റർ, ഓപ്പൺ ക്ലാസ്റൂം ഉൾപെടെയുള്ള പദ്ധതികളുടെ ഉദ്ഘാടനവും ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിക്കുന്നു

കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ അന്താരാഷ്ട്ര ഹബ്ബാക്കി മാറ്റുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം നിറവേറ്റാൻ രാഷ്ട്രീയത്തിനതീതമായി എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും നാടിനാവശ്യമായ സാങ്കേതിക വിദ്യകളും ഉൽപന്നങ്ങളും വികസിപ്പിക്കാൻ യുവ ഗവേഷകർ മുന്നിട്ടിറങ്ങണമെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു. പി.എം. ഉഷ പദ്ധതിയുടെ ഭാഗമായ അക്കാഡമിക് കോംപ്ലക്സ്, ഗേൾസ് ബോയ്സ് ഹോസ്റ്റലുകൾ, റസിഡൻഷ്യൽ അപ്പാർട്ട്മെൻറ്സ്, ട്രാൻസ്ലേഷണൽ റിസർച്ച് ലബോറട്ടറി, അക്കാഡമിക് ഇൻക്യൂബേഷൻ സെന്റർ തുടങ്ങിയവയുടെ നിർമ്മാണോദ്ഘാടനവും, സംസ്ഥാന സർക്കാർ കിഫ്ബി പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച റിസർച്ച് & ഡെവലപ്മെന്റ് കെട്ടിടസമുച്ചയം, ആംഫി തിയേറ്റർ, ഓപ്പൺക്ലാസ്റൂം തുടങ്ങി പണി പൂർത്തീകരിച്ച പദ്ധതികളുടെ പ്രവർത്തനോദ്ഘാടനവും, കേരളീയ നവോത്ഥാനശില്പികളിൽ പ്രധാനിയായ അയ്യാവൈകുണ്ഠസ്വാമിയുടെ പേരിൽ സർവ്വകലാശാലയിൽ ആരംഭിച്ച പഠനഗവേഷണ കേന്ദ്രത്തിന്റെ ഉദ്ഘാടനവും, സർവകലാശാല തനത് ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ കാര്യവട്ടം ക്യാമ്പസിന്റെ പ്രവേശന കവാടം 'ഡോ. സർവേപള്ളി രാധാകൃഷ്ണൻ ഗേറ്റ്' പ്രഖ്യാപനവും യൂണിവേഴ്സിറ്റി ഓഫ് കേരള കാര്യവട്ടം ക്യാമ്പസിലെ ഇ.എം.എസ്. ഹാളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.നവകേരള സൃഷ്ടിയുടെ ഭാഗമായി കേരളത്തെ ഒരു നവവൈജ്ഞാനിക സമൂഹമാക്കി രൂപപ്പെടുത്തുക എന്ന സുപ്രധാനമായ ലക്ഷ്യത്തിലേക്ക് സർക്കാരും സമൂഹവും കൈകോർത്തു പിടിച്ച് നീങ്ങുകയാണ്. ഈ പ്രയാണത്തിന്റെ മുന്നിൽ നിന്ന് നയിക്കുന്നത് കേരള സർവ്വകലാശാലയാണ്. വളരെ മാതൃകാപരമായ ടീം വർക്കാണ് കേരള സർവ്വകലാശാല കാഴ്ചവെക്കുന്നത്. നാക് (ചഅഅഇ) അക്രഡിറ്റേഷനിൽ എ ഡബിൾ പ്ലസും എൻ.ഐ.ആർ.എഫ് റാങ്കിംഗിൽ രാജ്യത്തെ പൊതുസർവ്വകലാശാലകളുടെ പട്ടികയിൽ ആദ്യ അഞ്ചാം സ്ഥാനത്ത് ഇടം പിടിക്കാൻ കഴിഞ്ഞതും ഇതിന്റെ അടയാളമാണ്. അന്തർദേശീയ ഗുണനിലവാര പരിശോധനയായ ക്യു.എസ്. റാങ്കിംഗിൽ ഉൾപ്പെടെ അന്തസ്സോടെ ഇടംപിടിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ ആർജ്ജിച്ചത് സർവ്വകലാശാലയിലെ ഓരോ വ്യക്തിയും നൽകിയ അമൂല്യമായ സംഭാവനകളെ മുൻനിർത്തിയാണ്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ചൊരു ടീം വർക്ക് കാഴ്ചവെക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടങ്ങളുടെയും മാറ്റങ്ങളുടെയും മുന്നേറ്റങ്ങളുടെയും നൈരന്തര്യ സ്വഭാവം ഉറപ്പുവരുത്താൻ ഓരോരുത്തർക്കും ചുമതലയുണ്ടെന്നു മന്ത്രി പറഞ്ഞു.

സംസ്ഥാന സർക്കാരിന്റെ പ്രയോറിറ്റി സെക്ടറാണ് ഉന്നത വിദ്യാഭ്യാസ മേഖല. ഒരു നവവൈജ്ഞാനിക സമൂഹ സൃഷ്ടിക്ക് മുന്നിൽ നിന്ന് നയിക്കേണ്ട മേഖല എന്ന നിലയിൽ ഗണ്യമായ പരിഗണന ഈ മേഖലയ്ക്ക് നൽകിക്കൊണ്ട്, അതിന് ആനുപാതികമായ ബജറ്ററി അലോക്കേഷൻസ് ഉറപ്പാക്കിയാണ് കഴിഞ്ഞ അഞ്ചു വർഷക്കാലവും സർക്കാർ പ്രവർത്തിച്ചത്. ആദ്യത്തെ നാലു വർഷം കൊണ്ട് തന്നെ 6000 കോടി രൂപയാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിന്യസിച്ചത്. അതിൽ 2000 കോടി രൂപയിലേറെയും അടിസ്ഥാന സൗകര്യ വിപുലീകരണ രംഗത്താണ് വിന്യസിച്ചത്. കിഫ്ബി, റൂസ പദ്ധതികളിലൂടെയും പ്ലാൻ ഫണ്ട് വിഹിതത്തിലൂടെയും സ്മാർട്ട് ക്ലാസ്റൂമുകളോടു കൂടിയ അക്കാഡമിക് ബ്ലോക്കുകൾ, വിശാലമായ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകൾ, സ്റ്റേറ്റ് ഓഫ് ദ ആർട്ട് സൗകര്യങ്ങളുള്ള ലാബ് കോംപ്ലക്സുകൾ, ആധുനിക സൗകര്യങ്ങളോട് കൂടിയ ലൈബ്രറികൾ, വലിയ ഓഡിറ്റോറിയങ്ങൾ എന്നിവയെല്ലാം എല്ലാ സർവ്വകലാശാലകളിലും കലാലയങ്ങളിലും ഈ കാലയളവിൽ ഉയർന്നു വന്നു എന്നത് ഏറെ അഭിമാനകരമായ കാര്യമാണ്. കിഫ്ബിയിലൂടെ കേരള സർവ്വകലാശാലയ്ക്ക് 145 കോടിയും എം.ജി. സർവ്വകലാശാലയ്ക്ക് 172 കോടിയും കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 139 കോടിയും അനുവദിച്ചു. കുസാറ്റിന് അത്യാധുനിക ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനുൾപ്പെടെ 268 കോടിയും കണ്ണൂർ സർവ്വകലാശാലയ്ക്ക് 94 കോടിയും നൽകി. കോളേജുകൾക്ക് മാത്രമായി 680 കോടി രൂപയാണ് കിഫ്ബിയിലൂടെ അനുവദിച്ചത്.

അടിസ്ഥാന സൗകര്യ വിപുലീകരണത്തിനൊപ്പം അക്കാദമിക ഉള്ളടക്കത്തിലും കാലാനുസാരിയായ മാറ്റങ്ങൾ ഉണ്ടാകണം. തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള സ്കിൽ ഗ്യാപ്പ് നികത്താൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കിൽ എൻഹാൻസ്മെന്റ് പ്ലാറ്റ്ഫോമുകൾ കൊണ്ടുവന്നു. ഇന്ന് എല്ലാ സ്ഥാപനങ്ങളിലും സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് ആൻഡ് കരിയർ പ്ലാനിംഗ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ഗവേഷണാത്മകമായ അഭിരുചിയെ പ്രാരംഭഘട്ടത്തിൽ തന്നെ പ്രോത്സാഹിപ്പിക്കുന്നതിനാണ് സർക്കാർ പ്രാധാന്യം നൽകുന്നത്. എക്സ്പീരിയൻഷ്യൽ ലേണിംഗിന് പ്രാധാന്യം നൽകുന്ന പുതിയ കരിക്കുലം ഫ്രെയിംവർക്കിന്റെ അടിസ്ഥാനത്തിൽ ഫോർ ഇയർ യു.ജി പ്രോഗ്രാം വിജയകരമായി ലോഞ്ച് ചെയ്യാൻ സാധിച്ചു.

ഏതൊരു ട്രാൻസിഷണൽ സ്റ്റേജിലും വെല്ലുവിളികൾ ഉണ്ടാകാമെങ്കിലും, വളരെ മനോഹരമായി ഒരു പാരഡൈം ഷിഫ്റ്റ് കൊണ്ടുവരാൻ സാധിച്ചു. ഇത് എല്ലാ സർവ്വകലാശാലകളുടെയും ഏകോപിത പ്ലാറ്റ്ഫോം വഴി സാധ്യമായതാണ്. യൂണിഫോം അക്കാദമിക് കലണ്ടർ തയ്യാറാക്കി പരീക്ഷകൾ റെക്കോർഡ് വേഗതയിൽ നടത്താനും ഫലം പ്രസിദ്ധീകരിക്കാനും സാധിച്ചു. ഇതിൽ കേരള സർവ്വകലാശാലയുടെ പങ്കും മാതൃകാപരമായ പ്രവർത്തനങ്ങളും അഭിനന്ദനാർഹമാണെന്ന് മന്ത്രി പറഞ്ഞു.

നമ്മുടെ എൻറോൾമെന്റ് റേഷ്യോ നന്നായി വളർന്നു. അധ്യാപക-വിദ്യാർത്ഥി അനുപാതത്തിലും കോളേജ്-വിദ്യാർത്ഥി അനുപാതത്തിലും നമ്മൾ ദേശീയ ശരാശരിയേക്കാൾ മുന്നിലാണ്. പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസ പങ്കാളിത്തവും മികച്ച നിലയിലാണ്. സാമൂഹ്യനീതി സങ്കൽപ്പങ്ങൾ സാക്ഷാത്കരിച്ച് ലഭ്യതയും പ്രാപ്തയും ഉറപ്പാക്കി കഴിഞ്ഞ നമ്മൾ ഇനി ക്വാളിറ്റിക്കും എക്സലൻസിനുമാണ് പ്രാധാന്യം നൽകേണ്ടത്.

ഗവേഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ഏഴ് 'സെന്റേഴ്സ് ഓഫ് എക്സലൻസ്' ഇതിനകം ആരംഭിച്ചു കഴിഞ്ഞു. ഇതിൽ പ്രധാനപ്പെട്ട ഒന്നാണ് 'സെന്റർ ഓഫ് എക്സലൻസ് ഫോർ റിസർച്ച് സപ്പോർട്ട് നെറ്റ്‌വർക്ക്'. ഗവേഷകർക്ക് ദേശീയ-അന്തർദേശീയ ഗ്രാന്റുകളെയും ഫെല്ലോഷിപ്പുകളെയും കുറിച്ച് വിവരങ്ങൾ നൽകുക, പേറ്റന്റുകൾക്കും ഇന്റർനാഷണൽ ജേണലുകളിൽ പബ്ലിഷ് ചെയ്യുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, കോമൺ ഫസിലിറ്റികൾ ഷെയർ ചെയ്യുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം. ഇതിന്റെ ഉപകേന്ദ്രങ്ങൾ തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജിലും കണ്ണൂർ സർവ്വകലാശാലയുടെ പയ്യന്നൂർ ക്യാമ്പസിലും മധ്യകേരളത്തിൽ കേരളവർമ്മ കോളേജിലും ആരംഭിച്ചിട്ടുണ്ട്. ദക്ഷിണേന്ത്യയിലെ തന്നെ മികച്ച ലാബ് കോംപ്ലക്സുകൾ ഇന്ന് നമുക്കുണ്ട്. കേരള സർവ്വകലാശാലയിലെ സെൻട്രലൈസ്ഡ് ലാബ് ഫസിലിറ്റി (ഇഘകഎ) ഒരു ആധുനിക ഗവേഷണ കേന്ദ്രമായി മാറിയിരിക്കുന്നുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ, ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ സർവ്വകലാശാല ജിയോളജി മ്യൂസിയം ഉദ്ഘാടനം ചെയ്തു. വികസനത്തിനൊപ്പം മനുഷ്യന്റെ ഹിംസയും യുദ്ധങ്ങളും അവസാനിക്കണമെന്നും അതിന് ഉന്നത വിദ്യാഭ്യാസ മേഖല സഹായകരമാകണമെന്നതും മന്ത്രി പറഞ്ഞു. കേരള സർവ്വകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ, കേരള സർവ്വകലാശാല സിൻഡിക്കേറ്റ് ഫിനാൻസ് കമ്മിറ്റി കൺവീനർ അഡ്വ. ജി. മുരളീധരൻ, രജിസ്ട്രാർ ഇൻ ചാർജ് രശ്മി ആർ., സർവ്വകലാശാല സിൻഡിക്കേറ്റ് മെമ്പർമാർ, മറ്റു ജനപ്രതിനിധികൾ , ഉദ്യോഗസ്ഥർ, അധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# സ്പോർട്സ് ക്വാട്ട അഡ്മിഷന് അപേക്ഷ ക്ഷണിച്ചു

കുസാറ്റ് 2026 അദ്ധ്യയന വർഷത്തിൽ ആരംഭിക്കുന്ന വിവിധ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്ക് കായിക താരങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അപേക്ഷ ക്ഷണിച്ചു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല പ്രോസ്പക്ട്സിലെ പേജ് നമ്പർ 117, 118 പ്രകാരം യോഗ്യതയുള്ള കായിക താരങ്ങൾ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല രജിസ്ട്രാർക്ക് സമർപ്പിക്കുന്ന അപേക്ഷയുടെ ഫോട്ടോ സ്റ്റാറ്റ് കോപ്പി, കായിക നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഉൾപ്പെടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സമർപ്പിക്കണം.

2024 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലഘട്ടങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായികയിനങ്ങളിൽ ജില്ലയെ പ്രതിനീധികരിച്ച് സംസ്ഥാന ജൂനിയർ/ യൂത്ത് മത്സരങ്ങളിൽ പങ്കെടുത്ത് മൂന്നാം സ്ഥാനം കരസ്ഥമാക്കൽ, റെവന്യൂ ജില്ലയെ പ്രതിനീധികരിച്ച് സംസ്ഥാന സ്കൂൾ മത്സരങ്ങളിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കൽ എന്നിവയാണ് കുറഞ്ഞ യോഗ്യതയായി കണക്കാക്കിയിട്ടുള്ളത്. പ്രസ്തുത വർഷങ്ങളിൽ സ്പോർട്സ് പ്രാവീണ്യം തെളിയിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. അപേക്ഷകൾ സ്പോർട്സ് പ്രാവീണ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് മുൻഗണനാക്രമത്തിൽ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം. അസ്സോസിയേഷനുകൾ സംഘടിപ്പിക്കുന്ന ചാമ്പ്യൻഷിപ്പുകളുടെ സർട്ടിഫിക്കറ്റുകൾ അതത് കായികയിനങ്ങളുടെ സംസ്ഥാന സെക്രട്ടറിയും സ്കൂൾ ഗെയിംസ് സർട്ടിഫിക്കറ്റുകൾ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും (സ്പോർട്സ്) സാക്ഷ്യപ്പെടുത്തണം. 10.02.2020 ലെ സർക്കാർ ഉത്തരവ് നമ്പർ 42/2020/കാ.യുവ പ്രകാരമായിരിക്കും മാർക്ക് നിശ്ചയിക്കുന്നത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 2026 ലെ പ്രോസ്പെക്ടസിൽ പ്രതിപാദിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതയും മിനിമം മാർക്കും ഉള്ളവരുടെ അപേക്ഷകൾ മാത്രമേ സ്പോർട്സ് ക്വാട്ടാ പ്രവേശനത്തിനും പരിഗണിക്കുകയുള്ളൂ. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 1. അപേക്ഷകൾ അയക്കേണ്ട വിലാസം : സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം -1. ഫോൺ: 0471-2330167/2331456.

# ക്ഷീരസാന്ത്വനം ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകാം

കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ ക്ഷീരവികസന വകുപ്പിന്റെയും മിൽമയുടെയും സഹകരണത്തോടെ ക്ഷീരകർഷകർക്കും ക്ഷീരസഹകരണ സംഘം ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കുമായി നടപ്പിലാക്കിവരുന്ന സമഗ്ര ഇൻഷുറൻസ് പദ്ധതിയായ ക്ഷീരസാന്ത്വനം ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകാം. പദ്ധതിയിൽ അംഗങ്ങളാകുന്ന ക്ഷേമനിധി അംഗങ്ങൾക്ക് പ്രീമിയം തുകയുടെ 50 ശതമാനം സബ്സിഡി ലഭിക്കും. https://app.ksheerasanthwanam.co.in/ വെബ്സൈറ്റിലൂടെ മാർച്ച് 10 നകം അംഗങ്ങളാകാൻ അപേക്ഷ നൽകാം.പദ്ധതിയിൽ ആരോഗ്യ സുരക്ഷ, അപകട സുരക്ഷ, ലൈഫ് ഇൻഷുറൻസ് എന്നിവയുടെ പരിരക്ഷ ലഭിക്കുന്നു. ആരോഗ്യ സുരക്ഷ പദ്ധതിയിൽ 80 വയസ്സ് വരെയുള്ള കർഷകർക്ക് യാതൊരു ആരോഗ്യ പരിശോധനകളും കൂടാതെ അംഗങ്ങളാകാം. 2 ലക്ഷം രൂപയുടെ പരിരക്ഷയും നിലവിലെ അസുഖങ്ങൾക്ക് 50,000 രൂപ വരെയുള്ള പരിരക്ഷയും ലഭിക്കും. 10 ശതമാനം ഇീുമ്യ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയിൽ എൻറോൾ ചെയ്യുന്ന കർഷകരുടെ ക്ലെയിം തുകയുടെ 90 ശതമാനം ഇൻഷുറൻസ് കമ്പനിയും 10 ശതമാനം കർഷകരും വഹിക്കും. ആരോഗ്യ സുരക്ഷ പദ്ധതിയിൽ ക്ഷീര കർഷകർക്ക് 10,800 രൂപയും ജീവിത പങ്കാളിക്ക് 8,213 രൂപയും ഒരു കുട്ടിക്ക് 4,449 രൂപയുമാണ് പ്രീമിയം തുക.

അപകടസുരക്ഷ പദ്ധതിയിൽ പ്രീമിയം തുക കർഷകർക്ക് 305 രൂപയാണ്. അപകടമരണമോ സ്ഥായിയായ അംഗവൈകല്യമോ സംഭവിച്ചാൽ 7 ലക്ഷം രൂപയുടെ പരിരക്ഷ ലഭിക്കും. 18 വയസ്സ് മുതൽ 60 വയസ്സ് വരെയുള്ളവർക്ക് ലൈഫ് ഇൻഷുറൻസ് പോളിസിയിൽ 354 രൂപ അടച്ച് അംഗങ്ങളാകാവുന്നതും സ്വാഭാവിക മരണം സംഭവിച്ചാൽ 1 ലക്ഷം രൂപയുടെ പരിരക്ഷ ലഭിക്കുന്നതുമാണ്. ക്ഷേമനിധി അംഗങ്ങളല്ലാത്ത ക്ഷീരകർഷകർക്കും ക്ഷീരസഹകരണ സംഘം ജീവനക്കാർക്കും മുഴുവൻ പ്രീമിയം തുക അടച്ച് പദ്ധതിയിൽ അംഗങ്ങളാകാം.തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ക്യാഷ് ലെസ് ചികിത്സ സൗകര്യവും മറ്റ് അംഗീകൃത ആശുപത്രികളിൽ ചികിത്സയ്ക്ക് റീ-ഇംബേഴ്സ്മെന്റ് സൗകര്യവും ലഭ്യമാണ്. ആശുപത്രി ചികിത്സയ്ക്ക് മുമ്പും ശേഷവും അതിനോടനുബന്ധിച്ചുണ്ടാകുന്ന ചെലവുകൾ യഥാക്രമം 30, 60 ദിവസത്തേക്ക് ലഭിക്കും. പദ്ധതിയിൽ അംഗങ്ങളാകുവാനും കൂടുതൽ വിവരങ്ങൾ അറിയുവാനുമായി തൊട്ടടുത്ത ക്ഷീരവികസന യൂണിറ്റ് ഓഫീസുമായോ ക്ഷീരസംഘങ്ങളുമായോ കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡുമായോ ബന്ധപ്പെടണം.

# റിസ്ക് ഫണ്ട് പദ്ധതി വിതരണത്തിൽ ചരിത്ര നേട്ടം: മന്ത്രി വി എൻ വാസവൻ

കേരള സഹകരണ റിസ്ക് ഫണ്ട് വിതരണത്തിൽ ചരിത്ര നേട്ടം കൈവരിച്ചതായി സഹകരണ വകുപ് മന്ത്രി വി എൻ വാസവൻ പറഞ്ഞു. റിസ്ക് ഫണ്ട് പദ്ധതിയിൽ 1000 കോടി രൂപ നൽകിയതിന്റെ പ്രഖ്യാപനം, ധനസഹായ വിതരണം, നവീകരിച്ച വെബ്സൈറ്റ് ഉദ്ഘാടനം എന്നിവ തിരുവനന്തപുരം ജവഹർ സഹകരണ ഭവൻ ഓഡിറ്റോറിയത്തിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നടപ്പിലാക്കി വരുന്ന കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് തുടർച്ചയായി ധനസഹായം നൽകി വരുന്നു. പദ്ധതി ആരംഭിച്ചതു മുതൽ ഇതുവരെ ആകെ 1088 കോടി രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. നിലവിലെ ബോർഡ് ചുമതലയേറ്റതിനു ശേഷം മാത്രം 528 കോടി രൂപ റിസ്ക് ഫണ്ടിന്റെ ഭാഗമായി അനുവദിച്ചിരിക്കുന്നത് അഭിമാനകരമായ നേട്ടമാണ്. സഹകരണ സംഘങ്ങളെയും സഹകാരികളെയും ചേർത്ത് നിർത്താൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞു. ആതുരർക്കും, ആശ്രിതർക്കും ആശ്വാസവും സംഘങ്ങൾക്ക് പരിരക്ഷയും നൽകാൻ ഇക്കാലയളവിൽ സാധിച്ചു. നവീകരിച്ച വെബ്സൈറ്റിലൂടെ വേഗത്തിൽ അപേക്ഷകൾ സമർപ്പിക്കാനും തുടർനടപടികൾ സ്വീകരിക്കാനും കഴിയുമെന്ന് മന്ത്രി പറഞ്ഞു.

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് വൈസ് ചെയർമാൻ സി കെ ശശീന്ദ്രൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ സഹകരണ സംഘം രജിസ്ട്രാർ ഡോ. ഡി സജിത് ബാബു അധ്യക്ഷത വഹിച്ചു. സഹകരണ ഓഡിറ്റ് ഡയറക്ടർ ഡോ റെജിൽ എം സി, സംസ്ഥാന സഹകരണ യൂണിയൻ ചെയർപേഴ്സൺ കോലിയക്കോട് എൻ കൃഷ്ണൻ നായർ, കേരള സഹകരണ ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ് വൈസ് ചെയർപേഴ്സൺ കെ പി സതീഷ് ചന്ദ്രൻ, ബോർഡംഗങ്ങൾ എന്നിവർ സംബന്ധിച്ചു. ബോർഡംഗം ജെ സി അനിൽ നന്ദി അറിയിച്ചു.

# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷന് ലോഗോ ക്ഷണിച്ചു; മികച്ച സൃഷ്ടിക്ക് ഒരു ലക്ഷം രൂപ സമ്മാനം

കേരളത്തിന്റെ ആരോഗ്യ മേഖലയിൽ നിർണ്ണായക ചുവടുവെപ്പാകുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷന്റെ ഔദ്യോഗിക ലോഗോ തയ്യാറാക്കാൻ സംസ്ഥാന സർക്കാർ എൻട്രികൾ ക്ഷണിച്ചു. തിരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും മികച്ച ലോഗോയ്ക്ക് ഒരു ലക്ഷം രൂപ സമ്മാനമായി നൽകും. കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തെ ആഗോള നിലവാരത്തിലുള്ള ഒരു മികവിന്റെ കേന്ദ്രമായി അടയാളപ്പെടുത്തുന്ന ലോഗോയാണ് സർക്കാർ ലക്ഷ്യമിടുന്നത്. പ്രൊഫഷണൽ ഡിസൈനർമാർക്കും ഫൈൻ ആർട്സ് കോളേജ് വിദ്യാർത്ഥികൾക്കും ഡിസൈനിംഗിൽ താല്പര്യമുള്ള പൊതുജനങ്ങൾക്കും മത്സരത്തിൽ പങ്കെടുക്കാം. അവയവദാന പ്രക്രിയയിലെ മാനുഷിക മൂല്യങ്ങൾ, ആധുനിക വൈദ്യശാസ്ത്രത്തിന്റെ മുന്നേറ്റം എന്നിവയ്ക്കൊപ്പം പുതുജീവൻ, പ്രത്യാശ, കരുണ എന്നീ ആശയങ്ങൾ പ്രതിഫലിപ്പിക്കുന്ന സൃഷ്ടികൾക്ക് മുൻഗണന നൽകും. ഡിസൈനുകൾ എ ഫോർ സൈസിൽ എച്ച്.ഡി നിലവാരത്തിൽ പിഡിഎഫ്/ജെപിജി ഫോർമാറ്റിൽ സമർപ്പിക്കണം. താത്പര്യമുള്ളവർ മാർച്ച് 13 നകം ലോഗോകൾ pmukiot@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ സമർപ്പിക്കണം. ലോഗോയ്ക്കൊപ്പം അപേക്ഷകന്റെ പേര്, വിലാസം, ഫോൺ നമ്പർ, ലോഗോയെക്കുറിച്ചുള്ള ലഘുവിവരണം എന്നിവ ഉൾപ്പെടുത്തണം. ഒരാൾക്ക് ഒരു ലോഗോ മാത്രമേ അയക്കാനാവൂ. വിദഗ്ധ സമിതിയുടെ പരിശോധനയ്ക്ക് ശേഷമായിരിക്കും ജേതാവിനെ പ്രഖ്യാപിക്കുക. കൂടുതൽ വിവരങ്ങൾക്ക്: 04712528658, 2962748.

# പശ്ചിമേഷ്യൻ സംഘർഷം; നോർക്ക ഹെൽപ്പ് ഡെസ്ക്കിൽ ഇതുവരെ ലഭിച്ചത് 830 കോളുകൾ

പശ്ചിമേഷ്യൻ മേഖലയിൽ സംഘർഷസാഹചര്യത്തെ തുടർന്ന് ആരംഭിച്ച നോർക്ക ഹെൽപ്പ് ഡെസ്കിൽ മാർച്ച് 05 ന് വൈകിട്ട് 05 മണിവരെ 830 പേരാണ് ബന്ധപ്പെട്ടത്. ഇന്ത്യയിൽ നിന്നും 538 പേരും യു.എ.ഇ 148, ഖത്തർ 59, ബഹ്റൈൻ 52, കുവൈത്ത് 16, ഒമാൻ 5, സൗദി അറേബ്യ 10 യുകെ 2 പേരുമാണ് ബന്ധപ്പെട്ടത്. ഇതോടൊപ്പം പ്രവാസികേരളീയർക്ക് സഹായം ഉറപ്പാക്കുന്നതിനായി ഗൾഫ് രാജ്യങ്ങളിൽ രൂപീകരിച്ച ആറ് നോർക്ക സഹായ കൂട്ടായ്മകൾ വഴിയും ഇടപെട്ടു വരുന്നു. നോർക്ക വകുപ്പ്, അതത് രാജ്യങ്ങളിലെ ലോക കേരള സഭാംഗങ്ങൾ, എംബസി വോളണ്ടിയർമാർ, നോർക്ക അംഗീകൃത പ്രവാസി സംഘടനാ പ്രതിനിധികൾ, സാമൂഹികപ്രവർത്തകർ, പ്രമുഖവ്യക്തികൾ എന്നിവരുൾപ്പെടുന്നതാണ് നോർക്ക സഹായ കൂട്ടായ്മകൾ. മേഖലയിലെ നിലവിലെ സാഹചര്യം, ഹെൽപ് ഡെസ്ക്കുകളിൽ ലഭിച്ച വിവരങ്ങൾ, അടിയന്തിരമായി സഹായ ലഭ്യമാക്കേണ്ടവ എന്നിവ നോർക്ക സെന്ററിൽ ചേർന്ന അവലോകനയോഗങ്ങൾ വിലയിരുത്തി.പ്രവാസി കേരളീയർ അതത് രാജ്യങ്ങളിലെ ഭരണകൂടങ്ങളും ഇന്ത്യൻ മിഷനുകളും ബന്ധപ്പെട്ട അധികാരികളും നൽകുന്ന ഔദ്യോഗിക അറിയിപ്പുകൾ മാത്രം പിന്തുടരണം. അടിയന്തിര സഹായം ആവശ്യമുള്ളവർക്കും ബന്ധപ്പെടുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക റൂട്ട്സ് ഹെൽപ്ഡെസ്ക് +91-8802012345 , 18004253939 നമ്പർ, ഇന്ത്യയിൽ നിന്നും) ന്യൂഡൽഹി കേരള ഹൗസ് കൺട്രോൾ റൂം എന്നിവയ്ക്കു പുറമേ നോർക്ക സെന്ററിൽ എല്ലാ ദിവസവും രാത്രി 10 മണി വരെ പ്രവർത്തിക്കുന്ന കൺട്രോൾ റൂമും സജ്ജമാക്കിയിട്ടുണ്ട്. കേന്ദ്ര വിദേശ കാര്യ മന്ത്രാലയം കൺട്രോൾ റൂം 9 AM to 9 PM 1800118797 (Toll Free), +91 11 2301 2113, +91 11 2301 4104, +91 11 2301 7905. അടിയന്തിര സഹായത്തിനായി അതാത് രാജ്യത്തെ ഇന്ത്യൻ മിഷനുകളിലും ബന്ധപ്പെടാം.

# ഹ്യൂമൻ റിസോഴ്സ് രംഗത്ത് ടെസ്റ്റ്ഹൗസ് ഉദ്യോഗസ്ഥന് ആഗോള പുരസ്കാരം

തിരുവനന്തപുരം: ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന ടെസ്റ്റ്ഹൗസിൻറെ ഗ്ലോബൽ ചീഫ് ഹ്യൂമൻ റിസോഴ്സസ് ഓഫീസറും ചീഫ് ഓപ്പറേറ്റിങ് ഓഫീസറുമായ അജിത് കുമാറിന് സിഎച്ച്ആർഒ ഓഫ് ദി ഇയർ പുരസ്കാരം. മുംബൈയിൽ നടന്ന 35-ാമത് 'വേൾഡ് എച്ച്ആർഡി കോൺഗ്രസ് ആൻഡ് അവാർഡ്സ് 2026' ലെ ബിസിനസ് പുരസ്കാരത്തിനാണ് അജിത് കുമാർ അർഹനായത്.

ഹ്യൂമൻ റിസോഴ്സ് മേഖലയിലെ ഈ പ്രമുഖ വാർഷിക പരിപാടിയിൽ രാജ്യാന്തര തലത്തിലെ നിരവധി വ്യവസായ നേതാക്കളും മുതിർന്ന പ്രൊഫഷണലുകളും ഒത്തുകൂടി മേഖലയിലെ മാറ്റങ്ങളെ പറ്റിയും ഭാവിയിൽ നടപ്പാക്കേണ്ട തീരുമാനങ്ങളെ പറ്റിയും ചർച്ച ചെയ്തു.

മികച്ച നേതൃപാടവത്തിലൂടെ സ്ഥാപനത്തിൻറെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിൽ അജിത് കുമാർ വഹിച്ച പങ്കാണ് അദ്ദേഹത്തെ അവാർഡിന് അർഹനാക്കിയത്. അദ്ദേഹത്തിൻറെ നേതൃത്വത്തിൽ സ്ഥാപനത്തിൻറെ പ്രവർത്തന സംസ്കാരവും ജീവനക്കാരുടെ സ്ഥിരതയും വർധിച്ചതായി അവാർഡ് ജൂറി വിലയിരുത്തി. ഏഷ്യ-പസഫിക് മേഖലയിലെ എച്ച് ആർ നവീകരണ രംഗത്ത് അദ്ദേഹം കരസ്ഥമാക്കിയ നേട്ടങ്ങൾക്ക് പിന്നാലെ ലഭിച്ച ഈ പുരസ്കാരം മനുഷ്യശേഷിയെ സ്ഥിരതയുള്ള ബിസിനസ് വളർച്ചയുമായി ബന്ധിപ്പിച്ച മികച്ച നേതൃത്വത്തിന് ലഭിച്ച അംഗീകാരമാണ്.



മുംബൈയിൽ നടന്ന 35-ാമത് 'വേൾഡ് എച്ച്ആർഡി കോൺഗ്രസ് ആൻഡ് അവാർഡ്സ് 2026' ലെ ബിസിനസ് പുരസ്കാരം ടെസ്റ്റ്ഹൗസിന്റെ ഗ്ലോബൽ ചീഫ് ഹ്യൂമൻ റിസോഴ്സസ് ഓഫീസറും ചീഫ് ഓപ്പറേറ്റിങ് ഓഫീസറുമായ അജിത് കുമാർ സ്വീകരിക്കുന്നു.

ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് (ഐഐഎം-ബി) പൂർവ്വ വിദ്യാർത്ഥിയായ അജിത് കുമാറിന് ഐബിഎം, ലെനോവോ, യുഎസ് ടി ഗ്ലോബൽ എന്നിവിടങ്ങളിലായി 25 വർഷത്തിലേറെ അനുഭവ പരിജ്ഞാനമുണ്ട്. ടെസ്റ്റ്ഹൗസിൽ ഹ്യൂമൻ ക്യാപ്പിറ്റൽ സ്ട്രാറ്റജിയുടെയും സ്ഥാപനത്തിൻറെ പ്രവർത്തനങ്ങളുടെയും ഇരട്ട ചുമതല അദ്ദേഹം വഹിക്കുന്നു.

2000 ൽ പ്രവർത്തനമാരംഭിച്ച ടെസ്റ്റ്ഹൗസ് ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ക്വാളിറ്റി എഞ്ചിനീയറിങ്, ഡിജിറ്റൽ അഷ്വറൻസ് കമ്പനിയാണ്. യുഎസ്, യുകെ, ഓസ്ട്രേലിയ, യൂറോപ്പ്, മിഡിൽ ഈസ്റ്റ്, മേഖലകളിലായി ബാങ്കിംഗ്, പേയ്മെൻറ്സ്, നിർമ്മാണം, ആരോഗ്യസംരക്ഷണം, റീട്ടെയിൽ, ട്രാവൽ, മീഡിയ, എൻറർടെയിൻമെൻറ് തുടങ്ങി വിവിധ വ്യവസായ മേഖലകളിലെ ഉപഭോക്താക്കൾക്ക് കമ്പനി സേവനം നൽകുന്നു.

# മൂലധന നിക്ഷേപങ്ങൾക്കുള്ള കേന്ദ്ര സഹായ പദ്ധതി; കേരളത്തിന് 360 കോടി രൂപ അനുവദിച്ചു

## വ്യവസായ, നിക്ഷേപ അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്ത് നടപ്പാക്കിയ നടപടികൾക്കാണ് അംഗീകാരം

തിരുവനന്തപുരം: സംസ്ഥാനങ്ങളിലെ മൂലധന നിക്ഷേപങ്ങൾക്ക് കേന്ദ്രസർക്കാർ നൽകുന്ന പ്രത്യേക സഹായ പദ്ധതിയുടെ ഭാഗമായി നിയന്ത്രണ നടപടികൾ (ഡിറഗുലേഷൻ) കുറയ്ക്കുന്നതിനും ചട്ടങ്ങൾ ലളിതമാക്കുന്നതിനുമായി കൈക്കൊണ്ട പരിഷ്കരണങ്ങൾക്കുള്ള അംഗീകാരമായി കേരളത്തിന് 360 കോടി രൂപ അനുവദിച്ചു. ഈ തുക ഒറ്റത്തവണയായി സംസ്ഥാനത്തിന് ലഭിക്കും.

വ്യവസായങ്ങൾക്കും നിക്ഷേപങ്ങൾക്കും അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്ത് നടപ്പാക്കിയ നിയന്ത്രണ ലഘൂകരണ നടപടികളും ഭരണപരമായ പരിഷ്കരണങ്ങളുമാണ് ഈ അംഗീകാരത്തിന് അടിസ്ഥാനമായത്.

സംസ്ഥാനതലത്തിൽ നിയന്ത്രണ നടപടികൾ കുറയ്ക്കുകയും ചട്ടങ്ങൾ ലളിതമാക്കുകയും ചെയ്യുന്ന പദ്ധതി കഴിഞ്ഞ ഒമ്പത് മാസമായി ഏകോപിപ്പിച്ചത് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെഎസ്ഐഡിസി) ആണ്. നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനുള്ള ഈ പ്രധാന പരിഷ്കരണ പ്രവർത്തനങ്ങളിലൂടെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കായി (എംഎസ്എംഇ) ഭൂമി, തൊഴിലാളി, യന്ത്രസാമഗ്രികൾ, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ വിഭവങ്ങൾ സങ്കീർണമായ അനുമതി പ്രക്രിയകളില്ലാതെ ഉപയോഗിക്കാൻ സാധിച്ചു.

സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലാണ് ഈ പരിഷ്കരണ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയത്. സംരംഭങ്ങളുടെ വളർച്ച പ്രോത്സാഹിപ്പിക്കുക, ഭരണനടപടികളുടെ കാര്യക്ഷമത വർധിപ്പിക്കുക, സംസ്ഥാനത്തിൻറെ സാമ്പത്തിക മത്സരക്ഷമത ശക്തിപ്പെടുത്തുക എന്നിവയാണ് ഇതിൻറെ പ്രധാന ലക്ഷ്യങ്ങൾ. കേന്ദ്ര മന്ത്രിസഭ സെക്രട്ടേറിയറ്റിലെ കോർഡിനേഷൻ സെക്രട്ടറിയായ ഡോ. മനോജ് ഗോവിൽ ആണ് ഈ പരിപാടിയുടെ സംസ്ഥാനതല പുരോഗതി മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള ടാസ്ക് ഫോഴ്സ് അംഗം. വ്യവസായ-വാണിജ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് വിവിധ വകുപ്പുകളുടെ പുരോഗതി കേന്ദ്ര മന്ത്രിസഭ സെക്രട്ടേറിയറ്റുമായി സഹകരിച്ച് നിരന്തരം വിലയിരുത്തുകയും അവലോകനം നടത്തുകയും ചെയ്ത് പരിഷ്കരണങ്ങൾ നടപ്പിലാക്കുന്നതിൽ നിർണായക പങ്കുവഹിച്ചു.

അനുവദിച്ച 360 കോടി സഹായം കേരള റോഡ് ഫണ്ട് ബോർഡ്, കേരള വാട്ടർ അതോറിറ്റി, റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്നിവ ഉൾപ്പെടെയുള്ള പ്രധാന പൊതുമേഖലാ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന 13 മൂലധന നിക്ഷേപ പദ്ധതികൾക്ക് പിന്തുണ നൽകും. ഈ പദ്ധതികൾ സംസ്ഥാനത്തിൻറെ അടിസ്ഥാന സൗകര്യ വികസനത്തെയും നിക്ഷേപ സൗഹൃദ ശേഷിയെയും കൂടുതൽ ശക്തിപ്പെടുത്തും.

കെട്ടിട നിർമാണ ചട്ടങ്ങളിൽ ഇളവുകൾ, മാസ്റ്റർ പ്ലാൻ നടപടിക്രമങ്ങൾ ലളിതമാക്കൽ, വ്യവസായ ഭൂമി ബാങ്കുകളുടെ രൂപീകരണം, കെട്ടിട നിർമാണത്തിനും ഉപയോഗത്തിനുമുള്ള അനുമതികൾ ലളിതമാക്കൽ എന്നിവ ഉൾപ്പെടെയുള്ള നിരവധി നിയന്ത്രണ പരിഷ്കരണങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ സംരംഭകർക്കും നിക്ഷേപകർക്കും കൂടുതൽ അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാനായി.ഭൂമി, തൊഴിൽ, കെട്ടിട നിർമാണം, അടിസ്ഥാന സൗകര്യ സേവനങ്ങൾ, അനുമതികൾ എന്നീ അഞ്ച് പ്രധാന മേഖലകളിലാണ് നിയന്ത്രണ ലഘൂകരണ പരിപാടി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഈ മേഖലകൾ 11 വകുപ്പുകളിലായി വ്യാപിച്ച 23 ഉപപരിഷ്കരണ മേഖലകളായി ക്രമീകരിച്ചിരിക്കുന്നു. നിയമനടപടികൾ ലളിതമാക്കുകയും ആവർത്തിച്ചുള്ള നടപടികൾ ഒഴിവാക്കുകയും സംരംഭങ്ങൾക്ക് വേഗത്തിലും സുതാര്യവുമായ അനുമതി സംവിധാനം ഉറപ്പാക്കുകയാണ് ഇതിൻറെ ലക്ഷ്യം.

നിയന്ത്രണ സംവിധാനങ്ങൾ ക്രമാതീതമായി ലളിതമാക്കുന്നതിലൂടെ അനുസരണ (കംപ്ലയൻസ്) ചെലവ് കുറയ്ക്കാനും നവീകരണം പ്രോത്സാഹിപ്പിക്കാനും പ്രവർത്തന കാര്യക്ഷമത വർധിപ്പിക്കാനും എംഎസ്എംഇകൾക്കും പുതുതായി ഉയർന്നുവരുന്ന വ്യവസായങ്ങൾക്കും കൂടുതൽ അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാനും ഈ പദ്ധതി സഹായിക്കുന്നു. നിയന്ത്രണ സംവിധാനങ്ങളിൽ കൂടുതൽ വ്യക്തതയും പ്രവചനക്ഷമതയും ഉറപ്പാക്കുന്നതിലൂടെ കേരളത്തിൻറെ നിക്ഷേപ ആകർഷണ ശേഷിയും ഇതിലൂടെ ശക്തിപ്പെട്ടിട്ടുണ്ട്.

മികച്ച ഭരണസംവിധാനം, വകുപ്പുകൾ തമ്മിലുള്ള ഏകോപിത പരിഷ്കരണങ്ങൾ, നിക്ഷേപ സൗഹൃദ നിയന്ത്രണ സംവിധാനങ്ങൾ എന്നിവയിലേക്ക് കേരളം മുന്നേറുന്നതിൻറെ പ്രധാന ഘട്ടമായാണ് ഈ നേട്ടം വിലയിരുത്തപ്പെടുന്നത്. മത്സരക്ഷമവും സുതാര്യവും വളർച്ച പ്രാപിക്കുന്നതുമായ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കാനുള്ള സംസ്ഥാനത്തിൻറെ പ്രതിബദ്ധതയെ ഇത് കൂടുതൽ ശക്തിപ്പെടുത്തും.

# സിവിൽ സർവീസ് പരീക്ഷാ പരിശീലനം

സെൻ്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ തിരുവനന്തപുരം, കൊല്ലം, ആലുവ (എറണാകുളം), പാലക്കാട്, പൊന്നാനി (മലപ്പുറം), കോഴിക്കോട്, കല്യാശേരി (കണ്ണൂർ) എന്നീ കേന്ദ്രങ്ങളിൽ ഏപ്രിൽ 27 ന് ആരംഭിക്കുന്ന സിവിൽ സർവീസ് പ്രിലിംസ് കം മെയിൻസ് (പി.സി.എം) പരീക്ഷാ പരിശീലന ക്ലാസിലേക്ക് അപേക്ഷ ക്ഷണിച്ചു. മാർച്ച് 22 ന് അക്കാദമി നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന 5 വിദ്യാർഥികൾക്ക് 100 ശതമാനം വരെ ഫീസ് ഇളവ് നൽകും. വേുേ://സരെമെ.ീൃഴ യിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക്: തിരുവനന്തപുരം : 8281098864, 8281098863, 8281098861, 0471-2313065, 2311654, കൊല്ലം : 8281098867, ആലുവ : 8281098873, പൊന്നാനി : 0494-2665489, 8281098868, പാലക്കാട് : 0491-2576100, 8281098869, കോഴിക്കോട് : 0495-2386400, 8281098870, കല്യാശ്ശേരി : 8281098875.

## കെ.ജി.ടി. പരീക്ഷ: അപേക്ഷാ തീയതി നീട്ടി

2026 മെയ് മാസം നടത്തുന്ന കെ.ജി.ടി. (ടൈപ്പ് റൈറ്റിംഗ്) പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി മാർച്ച് 13 വൈകുന്നേരം 5 വരെ നീട്ടി.

# കഞ്ചാവ് തരൂ വിപ്ലവം നടത്തട്ടെ; പി.കെ.ശശിയുടെ പ്രസംഗത്തെ പരിഹസിച്ച് ജോയ് മാത്യു

കൊച്ചി: സിപിഎം പുറത്താക്കിയ പി. കെ. ശശിയുടെ പ്രസംഗത്തെ പരിഹസിച്ച് നടനും സംവിധായകനുമായ ജോയ് മാത്യു. ഡിവൈഎഫ്ഐ പ്രവർത്തകന് നേതാക്കൾ കഞ്ചാവും മദ്യവും നൽകിയെന്ന ശശിയുടെ വിവാദ പരാമർശത്തിലാണ് ജോയ് മാത്യു പരിഹാസവുമായി രംഗത്തെത്തിയത്. ഫേസ്ബുക്കിൽ പങ്കുവച്ച കുറിപ്പിലാണ് ജോയ് മാത്യു സിപിഎമ്മിനെതിരെ രൂക്ഷ വിമർശനം ഉന്നയിച്ചത്. താൻ എന്ത് പോസ്റ്റിട്ടാലും അതിൽ കഞ്ചാവ് എന്ന് സിപിഎം പ്രൊഫൈലുകൾ കമൻറ് ചെയ്തിരുന്നതിൻറെ അർഥം തനിക്ക് മനസിലായിരുന്നില്ലെന്ന് ജോയ് മാത്യു കുറിച്ചു. എന്നാൽ ഇപ്പോൾ സഖാവ് ശശിയുടെ പ്രസംഗം കേട്ടപ്പോഴാണ് കാര്യം മനസിലായതെന്നും തങ്ങൾക്ക് കഞ്ചാവ് തരൂ തങ്ങൾ ഒന്ന് വിപ്ലവം നടത്തട്ടെയെന്ന് നിലവിളിക്കുകയായിരുന്നു കമൻറോളികളായ ആ സൈബർ അടിമകളെന്നും ജോയ് മാത്യു പരിഹസിച്ചു.

പി. കെ. ശശിയുടെ വിവാദ പ്രസംഗം പങ്കുവച്ചുകൊണ്ടാണ് ജോയ് മാത്യുവിൻറെ ഫേസ്ബുക്ക് പോസ്റ്റ്. പാലക്കാട് ജില്ലയിലെ ഡിവൈഎഫ്ഐ യൂത്ത് സെൻററിൽ വച്ചാണ് താൻ ആദ്യമായി കഞ്ചാവ് വലിച്ചതെന്ന് യുവ നേതാവ് വെളിപ്പെടുത്തിയെന്നാണ് പി. കെ. ശശിയുടെ ആരോപണം. യുവ നേതാവിന് കഞ്ചാവ് നൽകിയത് ഡിവൈഎഫ്ഐ പാലക്കാട് ജില്ലാ സെക്രട്ടറിയാണെന്നും കള്ള് നൽകിയ വ്യക്തി പ്രസിഡൻറ് ആയെന്നും ശശി പ്രസംഗത്തിൽ ആരോപിക്കുന്നുണ്ട്. ഇതിനെതിരെ തൻറെ സാന്നിധ്യത്തിൽ പരാതി നൽകിയിട്ടും നടപടിയുണ്ടായില്ലെന്നും ശശി പറഞ്ഞു. ഈ സംഘടനയുടെ പോക്ക് ഇതെങ്ങോട്ടാണെന്ന് ചോദിക്കുന്ന ശശി, വ്യക്തിപരമായി ചോദിച്ചാൽ യുവനേതാക്കളുടെ പേര് വെളിപ്പെടുത്താമെന്നും പ്രസംഗത്തിൽ കൂട്ടിച്ചേർത്തു.

പോസ്റ്റിൻറെ പൂർണരൂപം

ഞാൻ ഇക്കാര്യം മനസ്സിലാക്കാൻ വൈകിയതിൽ സഖാക്കൾ സദയം ക്ഷമിക്കുക. ഞാൻ എന്ത് പോസ്റ്റിട്ടാലും അതിനടിയിൽ സിപിഎം പ്രൊഫൈൽ ഉള്ളവർ വന്ന് കഞ്ചാവ്. . . കഞ്ചാവ്.. . . എന്ന് പറയുന്നത് കഞ്ചാവ് വലിക്കാത്ത എനിക്ക് ഇത് കേട്ടിട്ട് ഇതുവരെ ഒന്നും മനസ്സിലായിരുന്നില്ല. ഇപ്പോൾ സഖാവ് ശശിയുടെ പ്രസംഗം കേട്ടപ്പോഴാണ് കാര്യം പിടികിട്ടിയത് 'ഞങ്ങൾക്ക് കഞ്ചാവ് തരൂ ഞങ്ങൾ ഒന്ന് വിപ്ലവം നടത്തട്ടെ 'എന്ന് നിലവിളിക്കുകയായിരുന്നു കമൻറോളികളായ ആ സൈബർ അടിമകൾ. . . . എന്ന് ഇപ്പോഴാണ് മനസ്സിലായത്.

സഖാവിന് നന്ദി.

# വാച്ച്മാൻ അഭിമുഖം

തിരുവനന്തപുരം, ബാർട്ടൺഹിൽ സർക്കാർ എൻജിനിയറിങ് കോളേജിനോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന വനിതാ ഹോസ്റ്റലിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നൈറ്റ് വാച്ച്മാൻ താൽക്കാലിക ഒഴിവിലേക്ക് മാർച്ച് 11 രാവിലെ 10ന് അഭിമുഖം നടക്കും. യോഗ്യത ഏഴാം ക്ലാസ്. പ്രായപരിധി 40-60 വയസ്സ്. പ്രവൃത്തി പരിചയം അഭിലഷണീയം. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ വയസ്സ്, യോഗ്യത, പ്രവർത്തി പരിചയം, തിരിച്ചറിയൽ രേഖ എന്നിവയുടെ അസ്സൽ രേഖകൾ സഹിതം കോളേജ് ഓഫീസിൽ ഹാജരാകണം.

# ഗതാഗത ക്രമീകരണം

തിരുമല-തൃക്കണ്ണാപുരം റോഡ് വീതി കൂട്ടി നവീകരിക്കുന്ന പ്രവൃത്തികൾ നടക്കുന്നതിനാൽ മാർച്ച് 9 വരെ റോഡിലൂടെ സർവീസ് നടത്തുന്ന പ്രൈവറ്റ്, കെ.എസ്.ആർ.ടി.സി ബസ്സുകളും മറ്റു വാഹനങ്ങളും തിരുമല-പുത്തൻകട ജംഗ്ഷനിൽ വന്നു തിരിഞ്ഞു പോകും വിധം ഗതാഗതം ക്രമീകരിച്ചു. അണ്ണൂർ-ആന ഇടവഴി റോഡ് ടാർ ചെയ്യുന്ന പ്രവൃത്തികൾ നടക്കുന്നതിനാൽ മാർച്ച് 7 വരെ ഈ റോഡിലൂടെ സർവീസ് നടത്തുന്ന പ്രൈവറ്റ്, കെ.എസ്.ആർ.ടി.സി ബസ്സുകളും മറ്റ് വാഹനങ്ങളും റോഡിലൂടെ കടന്നു പോകാത്ത വിധത്തിൽ ഗതാഗതം ക്രമീകരിച്ചതായി അസിസ്റ്റൻ്റ് എൻജിനിയർ അറിയിച്ചു.

# ഹോസ്റ്റൽ മാനേജർ ഒഴിവ്

തൃശൂർ ജില്ലയിലെ ഒരു അർദ്ധസർക്കാർ സ്ഥാപനത്തിൽ പട്ടികജാതി വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള ഹോസ്റ്റൽ മാനേജർ തസ്തികയിൽ (പുരുഷന്മാർ മാത്രം) ഒരു താത്കാലിക ഒഴിവ് നിലവിലുണ്ട്. അംഗീകൃത സർവകലാശാല ബിരുദവും ഏതെങ്കിലും സർക്കാർ, പൊതു മേഖല സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സമാനമായ അംഗീകൃത സ്ഥാപനങ്ങൾ എന്നിവയിൽ സ്റ്റോർ അല്ലെങ്കിൽ അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്നതിലുള്ള രണ്ട് വർഷത്തെ പ്രവർത്തി പരിചയവുമാണ് യോഗ്യത. പ്രായപരിധി: 18നും 36നും മദ്ധ്യേ (01/01/2026 അടിസ്ഥാനത്തിൽ). നിയമാനുസൃത വയസിളവ് ബാധകം. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ മാർച്ച് 12നകം അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യണം.

# ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം

തിരുവനന്തപുരം ചാക്ക ഗവ. ഐ.ടി.ഐ യിൽ ടെക്നീഷ്യൻ മെഡിക്കൽ ഇലക്ട്രോണിക്സ് തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. എസ്.എസ്.എൽ.സി, ബന്ധപ്പെട്ട ട്രേഡിൽ എൻ ടി സി/ എൻ എ സിയും മൂന്ന് വർഷ പ്രവർത്തി പരിചയവും അല്ലെങ്കിൽ ബന്ധപ്പെട്ട ട്രേഡിൽ ഡിപ്ലോമയും രണ്ട് വർഷത്തെ പ്രവർത്തി പരിചയവും അല്ലെങ്കിൽ ബന്ധപ്പെട്ട ട്രേഡിൽ എൻജിനിയറിങ് ഡിപ്ലോമ / ഡിഗ്രി ഒരു വർഷ പ്രവർത്തി പരിചയവുമാണ് യോഗ്യത. താൽപ്പര്യമുള്ള ഉദ്യോഗാർഥികൾ 7ന് രാവിലെ 11ന് അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഗവ. ഐ.ടി.ഐ ചാക്ക പ്രിൻസിപ്പൽ മുമ്പാകെ ഹാജരാകണം. ഫോൺ: 0471 2502612.

# സംസ്ഥാന പരിസ്ഥിതി മിത്രം പുരസ്കാരങ്ങൾക്ക് അപേക്ഷിക്കാം

സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിന്റെ 2026 വർഷത്തെ പരിസ്ഥിതി മിത്രം പുരസ്കാരങ്ങൾക്കുള്ള അപേക്ഷ ക്ഷണിച്ചു. മികച്ച പരിസ്ഥിതി ദൃശ്യ മാധ്യമ പ്രവർത്തകൻ, പരിസ്ഥിതി സംരക്ഷണ സ്വയംഭരണ സ്ഥാപനം എന്നീ വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ നൽകുന്നത്. വിശദാംശങ്ങൾ വേുേ:// രെവലാലെ.ലി്.സേല്യമഹമ.ഴീ്.ശി/മംമൃറ/വീാല ൽ ലഭ്യമാണ്. അപേക്ഷകളും അനുബന്ധ രേഖകളും പ്രസ്തുത വെബ് പോർട്ടൽ മുഖാന്തിരം മാർച്ച് 31 ന് മുൻപായി സമർപ്പിക്കണം.

# തൊഴിൽമേള മാർച്ച് 7ന്

തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം പ്രവർത്തിക്കുന്ന എംപ്ലോയ്ബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 7 രാവിലെ 10.30 ന് തിരുവനന്തപുരം പി.എം.ജി ജംഗ്ഷനിലുള്ള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ (സ്റ്റുഡന്റ്സ് സെന്ററിന്റെ മുകളിലത്തെ നിലയിൽ) തൊഴിൽമേള സംഘടിപ്പിക്കുന്നു

പ്ലസ്ടു, ഐ.ടി.ഐ, ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം എന്നീ യോഗ്യതയുള്ള 40 വയസിൽ താഴെ പ്രായമുള്ള ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്ബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയുന്നതിലൂടെ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിന് അവസരം ലഭിക്കും.

ഒറ്റത്തവണയായി 300 രൂപ ഒടുക്കി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് തിരുവനന്തപുരത്തെയും മറ്റു ജില്ലകളിലെയും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന വിവിധ സ്വകാര്യ സ്ഥാപനങ്ങളിലേക്ക് ആഴ്ചതോറും നടത്തുന്ന അഭിമുഖങ്ങൾ/ ജോബ്ഫെയർ എന്നിവയിൽ പങ്കെടുക്കാനാകും. തൊഴിലിന് ആവശ്യമായ സോഫ്റ്റ് സ്കിൽ, കമ്പ്യൂട്ടർ പരിശീലനങ്ങൾ ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്ബിലിറ്റി സെന്ററിൽ ലഭ്യമാക്കും. വിശദവിവരങ്ങൾക്ക്: 0471-2992609, 8921916220.

# പരീക്ഷാഫലം പ്രസിദ്ധീകരിക്കും

2025 ഡിസംബറിൽ നടത്തിയ ആയുർവേദ പാരാമെഡിക്കൽ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം ഇന്ന് (മാർച്ച് 6) ംww.gactvm.kerala.gov.in, www.gack.kerala.gov.in, www.ayurvedacollege.ac.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സംഘർഷവുമായി ബന്ധപ്പെട്ട വാർത്തകൾ അവധാനതയോടെ കൊടുക്കണം: മുഖ്യമന്ത്രി

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ പ്രവാസികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആശ്വാസം പകരുന്നതിൽ മാധ്യമങ്ങൾക്ക് പ്രധാന പങ്കുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ വിളിച്ച മാധ്യമ മേധാവികളുടെ ഓൺലൈൻ യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

നമ്മുടെ നാട്ടിലെ ഒട്ടുമിക്ക കുടുംബങ്ങൾക്കും ഗൾഫ് രാജ്യങ്ങളുമായി നേരിട്ടോ അല്ലാതെയോ ഉള്ള എന്തെങ്കിലും ബന്ധമുണ്ട്. അവിടുത്തെ സംഘർഷ വാർത്തകൾ നാട്ടിലുള്ള കുടുംബങ്ങളിൽ ഭയം, ആശങ്ക എന്നിവ വർധിപ്പിക്കും. അതുകൊണ്ട് സംഘർഷവുമായി ബന്ധപ്പെട്ട ഓരോ വാർത്തയും വളരെ ഗൗരവത്തിലും അവധാനതയിലും കൊടുക്കേണ്ടതാണ്. ദൃശ്യ-അച്ചടി- ഓൺലൈൻ മാധ്യമങ്ങൾ അത്യന്തം ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കേണ്ട സമയമാണിതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

വസ്തുതകൾ ചോർന്നുപോകാതെ ഔദ്യോഗിക സംവിധാനങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാകണം ഇത്തരം വാർത്തകൾ നൽകേണ്ടത്. അല്പമെങ്കിലും അതിശയോക്തി കലർത്തുന്നത് പല രീതിയിൽ പ്രവാസികളെയും അവരുടെ കുടുംബാംഗങ്ങളെയും ബാധിക്കും. വാർത്തകളുടെ വിശ്വാസ്യത ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. സ്ഥിരീകരിക്കാത്ത വിവരങ്ങളും സോഷ്യൽ മീഡിയയിലെ അഭ്യൂഹങ്ങളും വാർത്തയായി പ്രചരിക്കാൻ ഒരു കാരണവശാലും ഇടവരരുത്. ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം, ഇന്ത്യൻ എംബസികൾ, ബന്ധപ്പെട്ട രാജ്യങ്ങളുടെ ഔദ്യോഗിക അറിയിപ്പുകൾ തുടങ്ങിയ വിശ്വസനീയമായ ഉറവിടങ്ങളെ അടിസ്ഥാനമാക്കി മാത്രമേ വാർത്തകൾ നൽകാവൂ.

ബ്രേക്കിംഗ് ന്യൂസ് കൊടുക്കാൻ പലപ്പോഴും മത്സരം തന്നെ ഉണ്ടാകാറുണ്ട്. അത്തരം മത്സരത്തിന്റെ പേരിൽ വസ്തുതകൾ തെറ്റിപ്പോകുന്ന സാഹചര്യം ഒഴിവാക്കാൻ നേതൃ തലത്തിൽ തന്നെ ഇടപെടൽ ഉണ്ടാകണം. അതോടൊപ്പം അതിരൂക്ഷവും ഭീതിയുണർത്തുന്നതുമായ അവതരണം ഒഴിവാക്കേണ്ടതുമുണ്ട്. മിസൈൽ, ഡ്രോൺ ആക്രമണങ്ങൾ, തീപിടുത്തങ്ങൾ, സ്ഫോടനങ്ങൾ തുടങ്ങിയവ അതിവൈകാരികതയോടെ അവതരിപ്പിക്കുന്നത് പ്രവാസി കുടുംബങ്ങളിൽ അനാവശ്യമായ ഭയം സൃഷ്ടിക്കാം.സംഘർഷത്തിന്റെ യഥാർത്ഥ വ്യാപ്തി കൃത്യമായി വിശദീകരിക്കുന്ന സമതുലിതമായ അവതരണം ഉറപ്പാക്കണം. എല്ലാ ഗൾഫ് രാജ്യങ്ങളും ഒരേ വിധത്തിൽ അപകടത്തിലാണ് എന്ന പൊതുവായ പ്രതീതി സൃഷ്ടിക്കുന്ന തരത്തിലുള്ള റിപ്പോർട്ടുകൾ ഉണ്ടാകരുത്. വിഷയത്തെക്കുറിച്ചുള്ള വിദഗ്ധരുടെയും നയതന്ത്ര മേഖലയിൽ പരിചയമുള്ളവരുടെയും വിലയിരുത്തലുകൾ ഉൾപ്പെടുത്തി സമതുലിതമായ ചർച്ചകൾ നടത്തുന്നതും ആവശ്യമാണ്.

പ്രവാസികളുടെ സുരക്ഷയെ മുൻനിർത്തിയുള്ള റിപ്പോർട്ടിങ്ങിനും മാധ്യമങ്ങൾ ശ്രദ്ധിക്കണം. പ്രവാസികളുടെ വ്യക്തിഗത വിവരങ്ങൾ, ജോലി സ്ഥലം, വിലാസം തുടങ്ങിയവ അവശ്യ സന്ദർഭങ്ങളിൽ അല്ലാതെ പുറത്തുവിടരുത്. അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവരെ സെൻസേഷണൽ രീതിയിൽ അവതരിപ്പിക്കുന്നതും ഒഴിവാക്കണം. പകരം സുരക്ഷാ നിർദേശങ്ങളും ആവശ്യമായ അറിയിപ്പുകളും മാർഗനിർദേശങ്ങളും ഉൾപ്പെടുത്തിയ വാർത്തകൾ നൽകാനാണ് ശ്രദ്ധിക്കേണ്ടത്. ഇതോടൊപ്പം ഔദ്യോഗിക സഹായ സംവിധാനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ മാധ്യമങ്ങൾ നിരന്തരം പ്രചരിപ്പിക്കേണ്ടതുണ്ട്.

ഹെൽപ് ലൈൻ നമ്പറുകളും സഹായ സംവിധാനങ്ങളും പൊതുജനങ്ങളിൽ എത്തിക്കുന്നതിൽ മാധ്യമങ്ങൾ സഹായിക്കണം. ഇന്ത്യൻ എംബസികളുടെ അടിയന്തര ഫോൺ നമ്പറുകൾ, വിദേശകാര്യ മന്ത്രാലയത്തിന്റെ സഹായ കേന്ദ്രങ്ങൾ, നോർക്കയുടെ സേവനങ്ങൾ, കേരള സർക്കാർ പ്രവാസി വകുപ്പിന്റെ സേവനങ്ങൾ എന്നിവ നിരന്തരം അറിയിക്കുന്നതിലൂടെ പ്രവാസികൾക്കും അവരുടെ കുടുംബങ്ങൾക്കും സഹായം ലഭ്യമാക്കാൻ കഴിയും.ഗൾഫ് രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന മലയാളി സംഘടനകളുടെയും കമ്മ്യൂണിറ്റി കൂട്ടായ്മകളുടെയും സഹായ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തണം. സുരക്ഷിതമായി കഴിയുന്ന പ്രദേശങ്ങൾ, ജോലി സാഹചര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള യഥാർത്ഥ വിവരങ്ങൾ നൽകുന്നത് ഭീതി കുറയ്ക്കാൻ സഹായിക്കും.

സോഷ്യൽ മീഡിയയിൽ വ്യാപകമായി പ്രചരിക്കുന്ന തെറ്റായ വിവരങ്ങൾക്കെതിരെ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഫാക്റ്റ് ചെക്കിംഗ് സംവിധാനം ശക്തമാക്കുകയും വ്യാജ ചിത്രങ്ങൾക്കും പഴയ വീഡിയോകൾക്കും പുതിയ സംഭവങ്ങളുടെ പേരിൽ പ്രചരണം ലഭിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും പ്രധാനമാണ്.

പ്രവാസികളുടെ പ്രശ്നങ്ങൾ സർക്കാർ സംവിധാനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും മാധ്യമങ്ങൾക്ക് സഹായിക്കാം. തൊഴിലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, യാത്രാ നിയന്ത്രണങ്ങൾ, സുരക്ഷാ ആശങ്കകൾ തുടങ്ങിയ വിഷയങ്ങൾ ഉത്തരവാദിത്വത്തോടെ റിപ്പോർട്ട് ചെയ്യുന്നതിലൂടെ അതിന് പരിഹാരം കണ്ടെത്താൻ സർക്കാരുകൾക്ക് ഇടപെടാൻ സാധിക്കും. വിമാന യാത്രാ നിരക്കുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേന്ദ്ര സർക്കാരിൻറെ ശ്രദ്ധയിൽപ്പെടുത്താമെന്നും നോർക്ക വഴി പരമാവധി വിവരങ്ങൾ കൈമാറമെന്നും മുഖ്യമന്ത്രി അറിയിച്ചു.

കഴിഞ്ഞ ദിവസം ചേർന്ന പശ്ചിമേഷ്യൻ രാജ്യങ്ങളിലെ ലോക കേരള സഭാംഗങ്ങളുടെ ഓൺലൈൻ യോഗത്തിൽ ഉയർന്ന അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്താണ് ഇത്തരം ഒരു ആശയ വിനിമയത്തിന് മുൻകൈ എടുത്തതെന്നും മുഖ്യമന്ത്രി പറഞ്ഞു.

യോഗത്തിൽ മാമ്മൻ മാത്യു (മലയാള മനോരമ), മനോജ് കെ. ദാസ് (മാതൃഭൂമി), ജോണി ലൂക്കോസ് (മനോരമ ടിവി), സിന്ധു സൂര്യകുമാർ (ഏഷ്യാനെറ്റ്), പുത്തലത്ത് ദിനേശൻ (ദേശാഭിമാനി), ആന്റോ അഗസ്റ്റിൻ (റിപ്പോർട്ടർ ടിവി), പി. പി. ജെയിംസ് (24 ന്യൂസ്), വി എസ് രാജേഷ് (കേരള കൗമുദി), ഫാ. ജോർജ് കുടിലിൽ (ദീപിക), രാജീവ് ദേവരാജ് (മാതൃഭൂമി ന്യൂസ്), കെ. എൻ. ആർ നമ്പൂതിരി (ജന്മഭൂമി), പ്രമോദ് രാമൻ (മീഡിയ വൺ), ബേബി മാത്യു സോമതീരം (ജീവൻ ടിവി), എസ്. ആനന്ദൻ (ദ ഹിന്ദു), ഇബ്രാഹിം വി. എം (മാധ്യമം), ടി. പി. ചെറൂപ്പ (സുപ്രഭാതം), കമാൽ വരദൂർ (ചന്ദ്രിക), പ്രദീപ് പിള്ള (ജനം ടിവി), എസ്. ശരത്ചന്ദ്രൻ (കൈരളി ടിവി), ടി. എം. ഹർഷൻ (ന്യൂസ് മലയാളം), കിരൺപ്രകാശ് (ദ ന്യൂ ഇന്ത്യൻ എക്സ്പ്രസ്), ലീൻ ബി. ജെസ്മസ് (ന്യൂസ് 18 കേരളം), ജയ്സൺ ജോസഫ് (വീക്ഷണം), വിജു ബി. (ടൈംസ് ഓഫ് ഇന്ത്യ), ബാലൻ (ജയ്ഹിന്ദ്), വി. ഡി. ശെൽവരാജ്, (കലാകൗമുദി), പ്രവീൺ പട്ടാമ്പി (അമൃത ടിവി), ടി. ജി. ബിജു (പി. ടി. ഐ) തുടങ്ങിയവർ സംസാരിച്ചു.

യുദ്ധ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട വാർത്തകളിൽ അതീവ ശ്രദ്ധ നൽകാമെന്ന് അവർ മുഖ്യമന്ത്രിയെ അറിയിച്ചു. ഈ വിഷയത്തിൽ മാധ്യമങ്ങൾ നൽകുന്ന പൂർണ്ണ പിന്തുണയ്ക്ക് മുഖ്യമന്ത്രി പ്രത്യേകം നന്ദി രേഖപ്പെടുത്തി.

# തൊണ്ടിമുതൽ കേസ്: ആൻറണി രാജുവിൻെറ ശിക്ഷ മരവിപ്പിക്കരുതെന്ന് സർക്കാർ ഹൈക്കോടതിയിൽ

കൊച്ചി: തൊണ്ടിമുതൽ തിരിമറി കേസിൽ ആൻറണി രാജുവിൻറെ ശിക്ഷ മരവിപ്പിക്കരുതെന്ന് സർക്കാർ ഹൈക്കോടതിയിൽ. കീഴ്ക്കോടതി തെളിവുകൾ പരിശോധിച്ചാണ് ശിക്ഷ വിധിച്ചതെന്നും സർക്കാർ ഹൈക്കോടതിയിൽ സത്യവാംഗ്മൂലം നൽകി.

തെരഞ്ഞെടുപ്പിൽ മത്സരിക്കണമെന്നുള്ളത് ആൻറണി രാജുവിൻറെ വ്യക്തിപരമായ രാഷ്ട്രീയതാത്പര്യം മാത്രമാണ്. അതുകൊണ്ട് ശിക്ഷ മരവിപ്പിക്കണമെന്നുള്ള അദ്ദേഹത്തിൻറെ ആവശ്യം പരിഗണിക്കരുതെന്നും സർക്കാർ കോടതിയിൽ സത്യവാംഗ്മൂലം നൽകി. വെള്ളിയാഴ്ച കേസ് ഹൈക്കോടതി പരിഗണിക്കും.

അതേസമയം ആരാണ് തൊണ്ടിമുതലിൽ മാറ്റം വരുത്തിയത് എന്നതിൽ വ്യക്തത വരുത്തണമെന്നും ആൻറണി രാജുവാണ് കൃത്രിമം നടത്തിയതിൽ എന്താണ് തെളിവ് എന്നും കോടതി പ്രോസിക്യൂഷനോട് കഴിഞ്ഞ ദിവസം ചോദിച്ചിരുന്നു.

മറുപടി പറയാൻ പ്രോസിക്യൂഷൻ സാവകാശം തേടിയതോടെ ആൻറണി രാജുവിൻറെ അപ്പീലിൽ ഉത്തരവ് പറയുന്നത് ഹൈക്കോടതി വെള്ളിയാഴ്ചത്തേയ്ക്ക് മാറ്റുകയായിരുന്നു.

ലഹരിമരുന്ന് ഒളിപ്പിച്ച അടിവസ്ത്രം തിരിച്ചു നൽകാൻ മജിസ്ട്രേറ്റ് നിർദേശം നൽകിയോ എന്നും കോടതി ചോദിച്ചു. ജൂനിയർ അഭിഭഷകൻ ആയിരുന്ന ആൻറണി രാജു തൊണ്ടിമുതൽ വാങ്ങിയത് കക്ഷിക്ക് വേണ്ടിയല്ലേയെന്നും അതിൽ എന്താണ് കുറ്റകൃത്യമെന്നും ഹൈക്കോടതി ചോദിച്ചു.

അതേസമയം, കേസിൽ കുറ്റക്കാരാനെന്ന കണ്ടെത്തൽ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടാണ് ആൻറണി രാജു ഹൈക്കോടതിയെ സമീപിച്ചത്. ജൂനിയർ അഭിഭാഷകനായിരുന്ന കാലത്ത് മയക്കുമരുന്ന് കേസിൽ വിദേശ പൗരനെ രക്ഷിക്കാനായി തൊണ്ടിമുതലായ അടിവസ്ത്രത്തിൽ കൃത്രിമം കാട്ടിയ കേസിൽ മൂന്നു വർഷം തടവിനാണ് ആൻറണി രാജുവിനെ ശിക്ഷിച്ചത്. ശിക്ഷ മരവിപ്പിക്കണമെന്ന ആവശ്യം തള്ളിയ തിരുവനന്തപുരം സെക്ഷൻസ് കോടതിയുടെ ഉത്തരവിനെതിരെയാണ് ആൻറണി രാജു അപ്പീൽ നൽകിയത്.

# നിയമസഭാ തെരഞ്ഞെടുപ്പ്: ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ കേരളത്തിലെത്തി

കൊച്ചി: കേരളത്തിലെ നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് മുന്നോടിയായി മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ സംസ്ഥാനത്തെത്തി. മൂന്ന് ദിവസത്തെ സന്ദർശന പരിപാടിയുടെ ഭാഗമായി കൊച്ചിയിലെത്തിയ അദ്ദേഹം എറണാകുളം ശിവക്ഷേത്രത്തിലും ഹനുമാൻ ക്ഷേത്രത്തിലും ദർശനം നടത്തും. സന്ദർശനത്തിൻറെ രണ്ടാം ദിനമായ വെള്ളിയാഴ്ച രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായും ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുമായും അദ്ദേഹം വിശദമായ ചർച്ചകൾ നടത്താനാണ് നിശ്ചയിച്ചിരിക്കുന്നത്.

സന്ദർശനത്തിൻറെ അവസാന ദിവസമായ ശനിയാഴ്ച സംസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥരുമായാണ് കൂടിക്കാഴ്ചകൾ ക്രമീകരിച്ചിരിക്കുന്നത്. അന്ന് രാവിലെ സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ, ചീഫ് സെക്രട്ടറി, ഡിജിപി എന്നിവരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. കൂടാതെ ശനിയാഴ്ച കൊച്ചിയിൽവച്ച് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ വാർത്താ സമ്മേളനവും വിളിച്ചു ചേർത്തിട്ടുണ്ട്.

# കേരള സ്റ്റോറി സിനിമയുടെ പേര് മാറ്റണമെന്ന ഹർജി; വിമർശിച്ച് ഹൈക്കോടതി

കൊച്ചി: കേരള സ്റ്റോറി-2 സിനിമയുടെ പേരു മാറ്റണമെന്ന് ആവശ്യപ്പെട്ട ഹർജിക്കാരന് ഹൈക്കോടതിയുടെ വിമർശനം. ഹർജിയിലെ വാദങ്ങൾ ഡിവിഷൻ ബെഞ്ചിന് എതിരാണെന്നും അപ്പീൽ പരിഗണിച്ച ബെഞ്ചിനെ അപകീർത്തിപ്പെടുത്തുന്നതാണെന്നും ചീഫ് ജസ്റ്റീസ് അധ്യക്ഷനായ ബെഞ്ച് വിമർശിച്ചു.

കേരള സ്റ്റോറി എന്ന പേര് കേരളത്തെ അപമാനിക്കുന്നതാണെന്നും അതുകൊണ്ട് പേര് മാറ്റണമെന്നുമായിരുന്നു ഹർജിക്കാരൻറെ ആവശ്യം. സിനിമ കണ്ടതിനുശേഷമാണ് പേരു മാറ്റണമെന്ന ആവശ്യം ഉന്നയിക്കുന്നത് എന്നാണ് ഹർജിക്കാരൻ കോടതിയെ അറിയിച്ചത്. ഹർജിയിലെ 14-ാമത്തെ ഭാഗങ്ങളിൽ ഉണ്ടായ പരാമർശങ്ങളാണ് വിമർശനത്തിന് ഇടയാക്കിയത്. ഈ പരാമർശങ്ങൾ സിനിമയ്ക്ക് പ്രദർശനാനുമതി നൽകിയ ഡിവിഷൻ ബെഞ്ചിന് എതിരാണ് എന്നായിരുന്നു ചീഫ് ജസ്റ്റീസ് ചൂണ്ടിക്കാണിച്ചത്.

അപ്പീൽ പരിഗണിച്ച ഡിവിഷൻ ബെഞ്ചിനെ ഹർജിക്കാരൻ അപകീർത്തിപ്പെടുത്തുവെന്നും കോടതി പറഞ്ഞു. ഇതിനെ തുടർന്ന് ഹർജിക്കാരൻറെ അഭിഭാഷകൻ ക്ഷമ ചോദിച്ചു. കോടതിക്ക് എതിരായ പരാമർശങ്ങൾ മാറ്റി പുതിയ ഹർജി നൽകാൻ ഡിവിഷൻ ബെഞ്ച് അനുമതി നൽകിയിട്ടുണ്ട്.

# പട്ടികവർഗ വിഭാഗക്കാർക്കുള്ള ചികിത്സാ ധനസഹായത്തിന് ടിഗ്രാൻ്റ്സ് പോർട്ടൽ സജ്ജമായി: മന്ത്രി ഒ ആർ കേളു പ്രകാശനം ചെയ്തു

പട്ടികവർഗ വിഭാഗക്കാർക്ക് ചികിത്സാ ധനസഹായവും ആശ്വാസ ധനസഹായവും സമയബന്ധിതമായി ലഭ്യമാക്കാൻ ഓൺലൈൻ പോർട്ടർ ടിഗ്രാൻ്റ്സ് സജ്ജമായി. പോർട്ടലിന്റെ പ്രകാശനം സെക്രട്ടേറിയറ്റ് ദർബാർഹാളിൽ നടന്ന ചടങ്ങിൽ തിരുവനന്തപുരം അമ്പൂരി കിടാരക്കുഴി വാർഡിലെ അരുൺകാണിക്ക് ചികിത്സാ ധനസഹായം അനുവദിച്ചുകൊണ്ട് പട്ടികജാതി, പട്ടികവർഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി ഒ ആർ കേളു നിർവഹിച്ചു. കളിമൺപാത്ര നിർമാണ വിപണന ക്ഷേമ വികസന കോർപറേഷന്റെ ഗുണഭോക്തൃ രജിസ്ട്രേഷന്റേയും ഫീൽഡ് സർവ്വേ പദ്ധതിയുടേയും പ്രഖ്യാപനവും മൊബൈൽ ആപ്ലിക്കേഷന്റെ പ്രകാശനവും മന്ത്രി നിർവഹിച്ചു.

ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ ഫയലുകൾക്കിടയിൽ കുരുങ്ങിക്കിടക്കുന്ന സാഹചര്യം ഒഴിവാക്കി ആധുനിക കാലത്തിനനുസരിച്ച് സഹായങ്ങൾ അർഹരിലേക്ക് അതിവേഗം എത്തിക്കുകയാണ് ഈ ഡിജിറ്റൽ സംവിധാനത്തിന്റെ ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു. മൺപാത്ര നിർമ്മാണ തൊഴിലാളികളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് അവർക്ക് കോർപ്പറേഷൻ വഴി ധനസഹായം നൽകി സംരംഭങ്ങളെ ആധുനികവൽക്കരിക്കും. ഈ മേഖലയിലുള്ളവരുടെ ജീവിത നിലവാരമുയർത്തി മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. കുടുംബത്തിലെ വരുമാന ദായകൻ മരിച്ചാൽ 2 ലക്ഷം രൂപ ആശ്വാസ ധനസഹായം സഹായം നൽകുന്ന പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു.

ജനങ്ങൾ ആഗ്രഹിക്കുന്ന തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്.

വകുപ്പിന്റെ ബജറ്റ് വിഹിതം ഓരോ വർഷവും വർദ്ധിപ്പിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ട് പോകുന്നത്. ലഭ്യമാകുന്ന തുകയുടെ 85 ശതമാനത്തിലധികം കാര്യക്ഷമമായി ചിലവഴിക്കാൻ സാധിക്കുന്നത് വകുപ്പിന്റെ വലിയ നേട്ടമാണ്. ഗുണഭോക്താക്കളുടെ ജീവിതനിലവാരം ഉയർത്തുന്ന ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾക്കാണ് സർക്കാർ ഊന്നൽ നൽകുന്നതെന്നും മന്ത്രി പറഞ്ഞു.

വകുപ്പ് സെക്രട്ടറി എ കൗശിഗൻ അധ്യക്ഷനായ ചടങ്ങിൽ കേരള പിന്നാക്ക വികസന കോർപ്പറേഷൻ ചെയർമാൻ കെ പ്രസാദ്, കളിമൺപാത്ര നിർമാണ വിപണന ക്ഷേമ വികസന കോർപറേഷൻ ചെയർമാൻ സുഭാഷ് ബോസ്, മാനേജിംഗ് ഡയറക്ടർ വി പി സുബ്രഹ്മണ്യൻ, ജോയിന്റ് ഡയറക്ടർ ശ്രീരേഖ കെ എസ് തുടങ്ങിയവർ സംബന്ധിച്ചു.



പട്ടികവർഗ വികസന വകുപ്പിന്റെ ചികിത്സാ ധനസഹായത്തിനുള്ള ടിഗ്രാന്റ്സ് പോർട്ടലിന്റെ പ്രകാശനവും കളിമൺ നിർമാണ വിപണന ക്ഷേമ വികസന കോർപറേഷന്റെ ഗുണഭോക്തൃ രജിസ്ട്രേഷന്റേയും ഫീൽഡ് സർവ്വേ പദ്ധതിയുടേയും പ്രഖ്യാപനവും മൊബൈൽ അപ്ലിക്കേഷന്റെ പ്രകാശനവും പട്ടികജാതി, പട്ടികവർഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി ഒ ആർ കേളു നിർവഹിക്കുന്നു

# ആറ്റിങ്ങൽ ആരുടെയും കോട്ടയല്ല; പുതുയുഗ യാത്രാ വേദിയിൽ അപ്രതീക്ഷിത സ്ഥാനാർഥി പ്രഖ്യാപനം

ആറ്റിങ്ങൽ: നിയമസഭ തെരഞ്ഞെടുപ്പിന് മുന്നോടിയായി പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ നയിക്കുന്ന പുതുയുഗ യാത്രയിൽ അപ്രതീക്ഷിത സ്ഥാനാർഥി പ്രഖ്യാപനം. പുതുയുഗ യാത്രയ്ക്ക് ആറ്റിങ്ങലിൽ നൽകിയ സ്വീകരണത്തിലാണ് വി. ഡി. സതീശൻ സ്ഥാനാർഥി പ്രഖ്യാപനം നടത്തിയത്.

ആർഎസ്പി നേതാവ് സന്തോഷ് ഭദ്രൻ ആണ് ആറ്റിങ്ങൽ മണ്ഡലത്തിലെ യുഡിഎഫ് സ്ഥാനാർഥി. പ്രതിപക്ഷ നേതാവ് പുതുയുഗ യാത്രയുടെ വേദിയിൽ പ്രസംഗിക്കുന്നതിനിടെയാണ് സന്തോഷ് ഭദ്രൻറെ സ്ഥാനാർഥിത്വം പ്രഖ്യാപിച്ചത്. മുന്നണി ധാരണ പ്രകാരം നിയമസഭ തെരഞ്ഞെടുപ്പിൽ ആർഎസ്പിയുടേതാണ് ആറ്റിങ്ങൽ സീറ്റ്. ഇവിടെ നമുക്കൊരു യുഡിഎഫ് എംഎൽഎയുണ്ടാകണമെന്ന് പറഞ്ഞ പ്രതിപക്ഷ നേതാവ് സന്തോഷ് ഭദ്രനെ വേദിയിലേക്ക് ക്ഷണിക്കുകയായിരുന്നു.

ആറ്റിങ്ങൽ ആരുടെയും കോട്ടയല്ലെന്ന് പറഞ്ഞ വി. ഡി. സതീശൻ ജനപിന്തുണയോടെ യുഡിഎഫ് നടത്തുന്ന തേരോട്ടത്തിൽ ആ കോട്ട ഇടിഞ്ഞുവീഴുമെന്നും അഭിപ്രായപ്പെട്ടു.

ഇവിടെ നമുക്കൊരു യുഡിഎഫ് എംഎൽഎയുണ്ടാകണം. ആറ്റിങ്ങൽ ഗവ. കോളജ് യൂണിയൻ ചെയർമാനായിരുന്ന സന്തോഷ് തന്നെ അസൂയപ്പെടുത്തിയ മികച്ച പ്രാസംഗികനാണെന്നും സതീശൻ പറഞ്ഞു.

നിലവിൽ സിപിഎമ്മിൻറെ ഒ. എസ്. അംബികയാണ് ആറ്റിങ്ങൽ എംഎൽഎ. 2001ൽ വക്കം പുരുഷോത്തമൻ ആയിരുന്നു നിയമസഭയിലേക്കെത്തിയ അവസാനത്തെ യുഡിഎഫ് അംഗം. 2021ലെ നിയമസഭ തെരഞ്ഞെടുപ്പിൽ 36,398 വോട്ടുകളോടെ മൂന്നാം സ്ഥാനത്തായിരുന്നു ആർഎസ്പി സ്ഥാനാർഥി എ. ശ്രീധരൻ.

വിദ്യാർഥി രാഷ്ട്രീയത്തിലൂടെ കടന്നുവന്ന സന്തോഷ് ഭദ്രൻ ആറ്റിങ്ങൽ ഗവ. കോളജ് യൂണിയൻ ചെയർമാൻ, യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ എന്നീ പദവികളിലും പ്രവർത്തിച്ചിരുന്നു.

# ക്രിസ്മസ് ബംപർ വിവാദം; ഒന്നാം സമ്മാനം ടിക്കറ്റ് ഹാജരാക്കിയ വ്യക്തിക്ക്

കൊച്ചി: ക്രിസ്മസ് ബംപർ ലോട്ടറി ടിക്കറ്റിൻറെ അവകാശവാദത്തിൽ നിർണായക വിധിയുമായി ഹൈക്കോടതി. ഒന്നാം സമ്മാനം നൽകാൻ തടസമില്ലെന്ന് അറിയിച്ച ഹൈക്കോടതി ലോട്ടറിയുടെ ഉടമസ്ഥത അവകാശപ്പെട്ട് പിറവം സ്വദേശി നൽകിയ ഹർജി കോടതി തള്ളി. ഒന്നാം സമ്മാനമായ 20കോടി രൂപയ്ക്ക് രണ്ടു പേർ അവകാശവാദ ഉന്നയിച്ചതോടെയാണ് വിഷയം വിവാദമായത്. സമ്മാനർഹമായ ടിക്കറ്റിന് അവകാശവാദം ഉന്നയിച്ച പിറവം പാഴൂർ സ്വദേശിയായ റിട്ട. എഎസ്ഐ കെ. കെ. സജിമോൻ കോടതിയെ സമീപിച്ചതോടെ സമ്മാനത്തുക തടഞ്ഞുവച്ചിരിക്കുകയായിരുന്നു.

സമ്മാനാർഹമായ തജ 138455 നമ്പർ ടിക്കറ്റുമായി മറ്റൊരു മലയാളി ലോട്ടറി വകുപ്പിനെ സമീപിച്ചിരുന്നു. ഇതേ ടിക്കറ്റിന് അകാശവാദം ഉന്നയിച്ചാണ് സജിമോൻ കോടതിയെ സമീപിച്ചത്. ജനുവരി 24ന് ആയിരുന്നു ടിക്കറ്റ് നറുക്കെടുത്തത്. ടിക്കറ്റുമായി ലോട്ടറി വകുപ്പിനെ സമീപിച്ച വ്യക്തിക്ക് സമ്മാനത്തുക നൽകാൻ തടസമില്ലെന്നാണ് കോടതി വ്യക്തമാക്കിയത്. പോലീസിൽ നിന്നും വിരമിച്ച ശേഷം ട്രാവൽ സർവീസ് നടത്തിയിരുന്ന സജിമോൻറെ വാഹനത്തിൽ ശബരിമല ദർശനത്തിനായി വിശാഖപട്ടണം സ്വദേശികൾ യാത്ര ചെയ്തിരുന്നു.

യാത്ര കഴിഞ്ഞ് മടങ്ങിയ സംഘം നെയ്പാത്രം വണ്ടിയിൽ മറന്നുവച്ചു. തുടർന്ന് പാത്രം വിശാഖപട്ടണത്തിലേക്ക് കൊറിയർ അയച്ചു നൽകിയപ്പോൾ അബദ്ധത്തിൽ ടിക്കറ്റ് പാത്രത്തിൻറെ അടിയിലായി പോയെന്നാണ് സജിമോൻറെ വാദം. മുണ്ടക്കയത്ത് ഭാര്യയുടെ ബന്ധു വീട്ടിൽ പോയപ്പോൾ വാങ്ങിയ ടിക്കറ്റിന് പിന്നിൽ സ്വന്തം വിലാസമെഴുതി ഒപ്പിട്ടിരുന്നുവെന്നും സജിമോൻ ആരോപിക്കുന്നു.